കല്ല്യാട്ട് താഴത്തുവീട്

സ്മരണിക 2025



കല്ല്യാട്ട് താഴത്തുവീട് ക്ഷേത്രസമുച്ചയ ട്രസ്റ്റ്

കല്ല്യാട്ട് താഴത്തുവീട് സ്മരണിക
2025 ജനുവരി

പത്രാധിപസമിതി

ലഫ്.ജനറൽ (റിട്ട) കെ.ടി വിനോദ് നായനാർ
ഗിരീഷ് മോഹൻ പി കെ
ശരത് കെ.ടി

മുൻകവർ വര : ബേബി കെ. ടി, നീലേശ്വരം
പിൻകവർ വര :ഡോ. എ.കെ പ്രശാന്ത്

(For private circulation)
കല്ല്യാട്ട് താഴത്തുവീട് ക്ഷേത്രസമുച്ചയ ട്രസ്റ്റ്

കല്ല്യാട്ട് താഴത്തുവീട് സ്മരണിക
2025


കല്ല്യാട്ട് താഴത്തുവീട് ക്ഷേത്രസമുച്ചയ ട്രസ്റ്റ്

ഉള്ളടക്കം

കല്ല്യാട് താഴത്തുവീട് ക്ഷേത്ര സമുച്ചയ ട്രസ്റ്റിലേക്കുള്ള എല്ലാ സംഭാവനകളും താഴെ നൽകിയിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറാൻ അഭ്യർത്ഥിക്കുന്നു

Bank: Federal Bank, Irikkur
Account Name:
Kalliad Thazhathuveedu Kshethra Samuchaya Trust
Account No: 20790200002261
IFSC Code : FDRL0002079

സംഭാവനകൾ കൈമാറിയതിനു ശേഷം താഴെ പറയുന്ന നമ്പറിൽ വിളിച്ചറിയിക്കാൻ താൽപര്യം.
9946417645, 9497144457



വേട്ടക്കൊരുമകൻ ക്ഷേത്രത്തിലേക്കുള്ള വഴിപാട് വിവരങ്ങൾക്ക് താഴെ നൽകിയിരിക്കുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

കെ.ടി. സുധീർ : 9447042980
കെ.ടി. രാധ : 9497144457

സമാദരണീയരേ,പ്രിയ ബന്ധുജനങ്ങളേ,

എല്ലാവർക്കും പുതുവൽസരാശംസകൾ. വീണ്ടുമൊരു കുടുംബസംഗമം കൂടി സമാഗതമായിരിക്കുന്നു. ഒത്തുചേരലുകളും കൂട്ടായ ചിന്തകളുമാണ് മാനവപുരോഗതിയുടെ അടിസ്ഥാനകാരണമെന്ന് അറിവുള്ളവരഭിപ്രായപ്പെടുന്നു. എല്ലാ കൂട്ടായ്മകളുടെയും അടിസ്ഥാനഘടകം കുടുംബമെന്ന ഏകകവും. അതിവേഗം മാറുന്ന ലോകത്ത് ബന്ധങ്ങളൂട്ടിയുറപ്പിക്കാനും പൂർവ്വാർജിതപുണ്യത്തിന്റെ അമൃതം നുകരുവാനും പുതുതലമുറയിൽ പാരമ്പര്യത്തിന്റെ പ്രൗഢോജ്വലപ്രവാഹത്തിന്റെ കണ്ണിയാണെന്ന ബോധമുണർത്താനും, സർവ്വോപരി കുലദൈവങ്ങളുടെ അനുഗ്രഹാശ്ശിസ്സുകളേറ്റുവാങ്ങി ശ്രേയസ്സിലേക്ക് മുന്നേറാനുമുള്ള അവസരമായി ഇത്തരം സംഗമങ്ങളെ നമുക്കു മാറ്റാം.

ഈ വർഷത്തെ സ്മരണിക ഡിജിറ്റൽ രൂപത്തിലാണ് പുറത്തിറങ്ങുന്നത്. ട്രസ്റ്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള സെക്രട്ടറിയുടെ റിപ്പോർട്ടും കഴിഞ്ഞ കുടുംബമേളയുമായി ബന്ധപ്പെട്ട ചില ഫോട്ടോകളും ഇതിലുൾപ്പെടുത്തിയിട്ടുണ്ട്. തറവാടിന്റെയും അതിന്റെ പ്രഭാവം നിലനിന്നിരുന്ന പ്രദേശങ്ങളുടെയും ചരിത്രത്തിലേക്കുള്ള അന്വേഷണങ്ങൾ അവസാനിക്കുന്നേയില്ല. ഇതിലുൾപ്പെടുത്തിയിരിക്കുന്ന കല്ല്യാട്ട് താഴത്തുവീട്ടിൽ കുഞ്ഞിരാമൻ നമ്പ്യാരുടെ (കുയിമ്പാത്ത്) ചില ഡയറിക്കുറിപ്പുകൾ ആയിരത്തിതൊള്ളായിരത്തി മുപ്പതുകളുടെ സാമൂഹ്യ-രാഷ്ട്രീയചിത്രം വ്യക്തമാക്കാൻ പര്യാപ്തമാണ്. സ്വത്തുക്കളുടെ വിഭജനത്തിനുശേഷം, വേട്ടക്കൊരുമകൻ ക്ഷേത്രത്തിന്റേതുൾപ്പടെയുള്ള ക്ഷേത്രങ്ങളുടെ നടത്തിപ്പിലെ ഒരു പ്രധാന നാഴികക്കല്ലായിരുന്നു ക്ഷേത്രസമുച്ചയ ട്രസ്റ്റിന്റെ രൂപീകരണവും പ്രവർത്തനങ്ങളും. അതുകൊണ്ടുതന്നെ പിന്നീട് കാലോചിതമായ ധാരാളം മാറ്റങ്ങൾ കൂട്ടിചേർത്തെങ്കിലും ട്രസ്റ്റിന്റെ അന്നത്തെ നിയമാവലി ഒരു ചരിത്രരേഖയായി മാറുന്നു. ട്രസ്റ്റ് രൂപീകരണത്തിന് പ്രധാന നേതൃത്വം വഹിച്ച അന്നത്തെ കാരണവർ അഡ്വക്കറ്റ് ശ്രീ കെ.ടി രവീന്ദ്രനാഥ് എഴുതിയ 'വേട്ടക്കൊരുമകൻ സ്തുതി' ഒന്നിലേറെത്തവണ വാർഷികറിപ്പോർട്ടുകളിൽ ഇടം പിടിച്ചതാണെങ്കിലും, ഇവിടെ നൽകിയിരിക്കുന്നത് ആ മഹദ്സ്മരണയ്ക്കുള്ള കൂപ്പുകൈ കൂടിയായാണ്. പ്രശസ്തപത്രപ്രവർത്തകനും എഴുത്തുകാരനുമായിരുന്ന ശ്രീ സി.എച്ച് കുഞ്ഞപ്പയുടെ 'സ്മരണകൾ മാത്രം' എന്ന പുസ്തകത്തിലെ ചില അധ്യായങ്ങളിലുള്ള അദ്ദേഹത്തിന്റെ ബാല്യകാലത്തെ 'കല്ല്യാട്ടു സ്മരണ'കളും ഇതിൽ ചേർത്തിട്ടുണ്ട്.

സ്മരണികയ്ക്കുവേണ്ട എല്ലാ പിൻതുണയും നൽകിയ തറവാടിന്റെ സ്നേഹസമ്പന്നനായ കാരണവർ ശ്രീ കെ.ടി ഹരിശ്ചന്ദ്രൻ നമ്പ്യാർ, ക്ഷേത്രസമുച്ചയ ട്രസ്റ്റ് പ്രസിഡന്റ് ശ്രീ കെ.ടി പ്രഹ്ളാദ്, സെക്രട്ടറി ശ്രീ വിനോദ് നായനാർ, ചിത്രങ്ങൾ വരച്ച ശ്രീ കെ.ടി ബേബി നീലേശ്വരം, ഡോ എ.കെ പ്രശാന്ത് എന്നിവരോടുള്ള സ്നേഹാദരങ്ങളും കടപ്പാടും ഇവിടെ പ്രകാശിപ്പിക്കുന്നു. എല്ലാ കുടുംബാംഗങ്ങൾക്കും അഭ്യുദയകാംക്ഷികൾക്കും ആശംസകൾ നേരുന്നു.

സസ്നേഹം,

1-1-2025

പത്രാധിപസമിതി

കുടുംബസംഗമം 2024









കുടുംബസംഗമം 2024



















കുടുംബസംഗമം 2024















കുടുംബസംഗമം 2024





















Kalliad Thazhatheveedu Kshethra Samuchaya Trust

Annual Report 2024



It is my privilege to present the Annual Report of 2024 to you. We began the year with our usual AGM and Family Meet on 1 January in our traditional manner.

The proceedings of the AGM commenced with the chanting of the Lalitha Sahasranamam in Thazhatheveedu at 8:30 am. This helped us save time for the stage function later. The Kottam Pooja followed, conducted this time by the Tanthri's son in all solemnity and divinity. We had the usual photograph session thereafter. The inaugural lamp lighting and homage to our ancestors followed. KT Jayaprakash then paid tribute to all our family members who passed away during the year. Shri KT Prahlad, our Trust President welcomed the guests and family members to the Annual AGM and delivered the Presidential address highlighting major achievements during the year. He also complimented Brig (now Maj Gen) KT Gopikrishnan, AC Rajagopalan, AK Prashant and KT Ramesh for their outstanding achievements. Shri KT Harishchandran Nambiar, our Karnavar and Patron of the Trust blessed the gathering in his inaugural address. The Chief Guest was our much respected family Guruji, Shri Girish Kumar, who also blessed us with a much appreciated spiritual discourse.Honouring of members of the family and presentation of citations and mementos was conducted subsequently. The Kalliat Souvenir 2024 compiled and edited by Shri PK Girish and his team was released by our Trust President and presented to the Chief Guest. Our young achievers were then presented with mementos and cash awards to recognise their talent and encourage them. After a sumptuous lunch we reassembled to witness the amazingly entertaining variety entertainment put up by our youngsters and hosted by our lovely MCs, Kavya and KT Radha. The Thengamuttal ceremony sponsored by KT Anoop was held in the evening with 1000 coconuts which marked the end of the Family Gathering. That evening we had a sponsored ChuttuVilakku as well. The Sarpabalipooja was held on 3 January.

The following were honoured at the function:

(a) **Dr Gopinath,** for his social contribution as a doctor (psychiatrist) and for his role as a family physician and consultant to members of the Kalliat family.
(b) **Dr KT Ram Mohan,** Koodali, for writing and publishing a book about Shri KT Chathukutty Nambiar (Appenuettan) – a much admired family member.
(c) **Shri KT Mohanan**, Peruvamparambu, for his devotion to the family its temples and its traditions.
(d) **Dr KT Radha Madhavan,** Chitrari, for her social contribution as a doctor and role as a family physician and consultant to members of the Kalliat family.

The highlight of the year was the inauguration of the newly built Kalliad

Vishnu Temple for the construction of which members of the family and other devotees of Kalliad had contributed so generously. The entire Temple building and its various ancillaries are simply beautiful. The Namaskara Mandapam looks divine - huge thank you to all our donors! The Prathishta Karmam of the Maha Vishnu Temple together with the Kalasham ceremony of the Mahashiva Temple was conducted in befitting grandeur from 14 to 24 February 2024. It was 10 days of celebrations and rituals ending with the installation of the idols in the new Vishnu Temple. Unfortunately for us on 11 February, our senior-most member, Smt KT Sharada Amma, left for her heavenly abode at a grand old age of 104. Hence none of the Kalliat members, who were in mourning (pola) could attend the temple proceedings; though we were all following the events closely. This AGM we are honouring four members of the Kalliad Temple Committee; Shri Vinod Kumar M, Sub Maj (HonyCapt) Ramakrishnan PC , Shri VenuPand Shri Unnikrishnan AV for their dedicationand inspiring leadership in the construction of the temple and in the conduct of the inauguration ceremony and all rituals.

During this period Shri Premanad and his wife Indira visited Kalliat. We had planned to honour him at the AGM for his deep commitment to the Kalliat Family, however, since he came from the US only in February our Patron and President did the honours at a small function in Thazhatheveedu during his visit.

This year we could celebrate all the Vaavu Poojas and the Navarathri Poojas as scheduled. Prathishta Dinam was also celebrated in the traditional manner; the event was well attended. The Karkidakam month began with a Ganapathi Homam and Vaavupooja. Ganapathi Homams were held on all days of the month and were well subscribed to.

We are happy to report that our Vayathur Kalliar Temple continues to function very well. The traditional Ulsavam was conducted jointly with our Kodava brothers (13 to 26 January, main events on 24, 25 and 26 January) with much enthusiasm. A new interlock tiled pathway to the nearby river and convenient stands for devotees have been constructed. We look forward to added infrastructure for the convenience of devotees and pray for prosperity and greater divinity to this sacred Temple.

The functioning of the Mamanikunnu Temple has also improved significantly with the interest taken by our Karnavar. We are now in the process of constructing a new Gopuram and adjoining commercial building complex. The earlier building was demolished to make way for a pavement which would extend from the Irikkur River to the Nilamuttam Mosque. Our much revered KT Ravi (architect) has committed to help us in developing a master plan for a total renovation of the Temple. The renovated Temple promises to be a marvel and would turn the Temple to a major node for religious tourism in Kannur. We had the famous actors Mohan Lal and Suresh Gopi (after his election as MP) visiting the Temple this year.

Some outstanding achievements during the year:

Maj Gen KT Gopi Krishnan, SM, VSM, took over as General Officer Commanding 36 Infantry Division RAPID in April. Heartiest congratulations to him from our entire Kalliat Family. We hope and pray to see him as the Chief of Army Staff some day!

KT Ramesh, continues to keep our Kalliat flag flying high. He was appointed

Adjunct Fellow at the John Hopkins University in March. The Kalliat Family is proud of him.
AC Jayarajan, presently our national swimming coach, led the Karnataka Swimming Team to victory at the National Swimming Championship. Well done 'Dronacharya'; we hope and pray you get this award!!

Dr AK Prashant's short film, "Koodali Veeran" continues to make waves. The film was awarded best short film at the 7th New Delhi Film Festival in March this year.
KT Ravi, our deeply connected Kalliat family member keeps adding feathers to his cap and doing us proud! He has been appointed Chairman, Board of Goa School of Architecture for three years tenure, in October. He recently sent us a picture of the Vettakorumakan idol that he photographed from the Pazhassi Museum at Kozhikode, which has found a place in our newly designed Trust Letterhead!

Our family members who left for their heavenly abode during the year are as given below.We pay our respects to them and offer condolences to the bereaved families.

(a) 21 Jan 24. **Smt KT Rama Amma**, Peruvamparambu, W/o Late PV Padmanabhan Nambiar.(Retd Post Master).
(b) 11 Feb 24. **Smt KT Sharada Amma**, Perunthaleri, W/o Late PK Chandhu Nambiar.
(c) 5 Jun 24. **Sri K Gopalan Nai**r, Kanhangad, husband of Smt KT Asha.

The date of our AGM from this time onwards has been shifted to the first Sunday of the New Year instead of 1 January. This year the AGM will be held on 5 January. This is to ensure that we have maximum participation and to declutter engagements on New Year day. The AGM will be blessed by our patron and Karvavar, Shri KT Harishchandran Nambiar. The list of persons selected by our Trust to be honoured this year is given below:

(a) **Shri AK Unnikrishnan.** For his dedicated service at our Mamanikunnu Temple.

(b) **Shri KN Krishnan Nambiar.** For his devotion to the family and its traditions
(c) **Smt KN Sathyabama.**For her devotion to the family and its traditions

(d) **Smt KT Prasanna.** For her social contribution in running a pre primary school at Chitrari, giving a wholesome start to the education of hundreds of children in the neighbourhood.

(e) **Smt KT Vatsala**. For her devotion to the family and its traditions

(f) **Shri KT Vijay Kumar**. For his devotion to the family and its traditions

We ended the year with a magnificent wedding reception at Thazhatheveedu for our newly wedded couple Jayadeep (son of Smt KT Radha and Shri AC Jayarajan and Sharanya. Thazhatheveedu was beautifully decorated

and looked as lovely and radiant as the young couple! The reception was well attended and all arrangements and food were highly appreciated by the guests.

For the sixth year in succession we had our accounts audited by a Chartered Accountant with no observations. Our fixed deposits as on 31 March 2024 stand at Rs 14,55,666/-. The audit report has been circulated to all our members.

In conclusion, we thank all those who donated so generously to the Trust. We are confident that with the good will and large heartedness of all our members and the blessings of our family Deity Sri Vettakorumakan, we will be able to realise all our dreams.

Our Kalliat Smarnika this year is in the online format.   I hope you like this edition which you would be receiving soon.

Signing off,

01-01-25

K T Vinod Nayanar
Secretary
Kalliatt Thazhathu Veedu Kshetra Samuchaya Trust

ഡയറിക്കുറിപ്പുകളിലെ ചരിത്രം


കല്ല്യാട്ട് താഴത്തുവീട്ട് കാരണവരായിരുന്ന ചാത്തുക്കുട്ടി നമ്പ്യാരുടെ ഇളയ സഹോദരനായിരുന്നു കുഞ്ഞിരാമൻ നമ്പ്യാർ. കയിമ്പാത്ത് എന്ന വീട്ടിൽ താമസിച്ചിരുന്ന ആദ്ദേഹം, ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദം തൊട്ട് ദേശീയപ്രസ്ഥാനത്തിൽ ആകൃഷ്ടനായ വ്യക്തിയായിരുന്നു. മഹാത്മാഗാന്ധിയും ഭഗവദ്ഗീതയും അദ്ദേഹത്തിന് ഏറെ പ്രിയപ്പെട്ടതായിരുന്നുവെന്ന് പതിവായി അദ്ദേഹം എഴുതിയിരുന്ന ഡയറിക്കുറിപ്പുകളിൽ നിന്നും മനസ്സിലാക്കാം. നമുക്ക് ലഭ്യമായ 1931 ലെയും 1955 ലെയും അദ്ദേഹത്തിന്റെ ഡയറിക്കുറിപ്പുകളിലെ ചില ഭാഗങ്ങളാണ് താഴെ നൽകിയിരിക്കുന്നത്. അദ്ദേഹം ജീവിച്ചിരുന്ന കാലത്തെ സാമൂഹ്യജീവിതത്തെയും കുടുംബജീവിതത്തെയും കുറിച്ച് ഏറെക്കാര്യങ്ങൾ മനസ്സിലാക്കാൻ പര്യാപ്തമാണ് ഈ കുറിപ്പുകൾ.

Thursday -January 1, 1931

'മിതഞ്ച സാരഞ്ച വചോഹി വാഗ്മിത' – മിതമായും സാരമായും സംസാരിക്കുന്നതാണ് വാഗ്മിത്വം


Gandhiji expressed why he adopted voluntary poverty. He adopted voluntary poverty when he decided to enter politics as he wanted to remain untouched by immoralities and untruth in ordinary politics.


The justification for voluntary poverty was that , in the prevailing situation wealth for all is not possible. All could share one's possessions for the deserved and needed.


THURSDAY, 1st JANUARY 1931. 1

Wednesday 25 th February

Got up early. Today is mother's birthday. Sent children to Kammarath for birthday affairs. Took bath and Japam in the name of Mother and reached Kammarath just in time for meals, when Mother and brothers waiting for me. Mother and brothers were seated in one room and I was asked to join outside visitors and others which caused me pain as I wanted to sit with mother and brothers. Attended 'Sanmarg' on the way where I delivered a lecture on the present day political situation. Talked with Kittettan until One'o clock and returned to Kammarath with E C Govindan Nambiar. Saw Marar Govindan Kutty, leader in drum beating.



56 Wednesday, 25th February 1931.



Saturday, 3rd January 1931. 3

Sunday 29, March 1931

Kuzhimbath. Got up at 6.30 and went out for a morning walk. Took tea with Kunhikannan at ThazhathuVeedu. Returned via Pathayappuara after meeting brother. One Mavila Govindan Nambiar, Sub-registrar Irikkur was there. Promised to meet me at Kuzhimbath later in the day. Stopped at Kammarath to took meals there. Registrar came there, returning his way to Irikkur. Talked many things about the present political situation.



Monday, 5th January 1931. 5

Monday 30, March 1931

Got up at about 8 only as I had gone bed very late. Took bath before meals. Took meals with Konath Kunhiraman Nambiar. Had a long talk on Advaitha philosophy , Sakthi Pooja etc.

Wednesday, 26, August 1931

Got up early. Today is Onam. Started after a substantial breakfast at about 10 to Chala. Today is my daughter Thampai's birthday. No bus running on account of Onam. Mahe bus was up. Got in it. Walked about a mile and a half to reach Chiriyoth. Took meals. Visited Vaidyar Kunhappa.

കല്യാട്ട് സ്മരണകൾ

(പ്രമുഖ എഴുത്തുകാരനായിരുന്ന സി.എച്ച് കുഞ്ഞപ്പയുടെ 'സ്മരണകൾ മാത്രം'എന്ന ആത്മകഥയിലെ കല്ല്യാട്ടുമായി ബന്ധപ്പെട്ട ചില ഭാഗങ്ങൾ)

ചന്തുനമ്പ്യാരുടെ കൂടെ താമസിക്കുന്നതുകൊണ്ട് ഒരു മെച്ചമുണ്ടായി. കല്ല്യാട്ടെയും കൂടാളിയിലെയും കാരണവന്മാർ ഇടക്കിടെ അവിടെ വരുമായിരുന്നു. അവർക്കങ്ങനെ എന്നെ കണ്ടു പരിചയമായി. എന്റെ സ്കൂൾ പഠിപ്പിനു അവരുടെ സഹായം തേടാമെന്നു ഒരഭിപ്രായം വന്നു. അത് ആദ്യം പറഞ്ഞത് അന്നത്തെ കൂടാളി കാരണവരായ കുഞ്ഞികൃഷ്ണൻനമ്പ്യാരുടെ മകനും കല്യാട്ടെ കാരണവരുടെ മരുമകനുമായ അടുത്തകാലത്തന്തരിച്ച കെ. ടി. കുഞ്ഞിക്കമ്മാരൻ നമ്പ്യാരായിരുന്നു. അന്നത്തെ കല്യാട്ടെ കാരണവർ സാക്ഷാൽ കല്യാട്ടെ വലിയ യജമാനൻ എന്നറിയപ്പെട്ട കെ. ടി. ചാത്തുക്കുട്ടി നമ്പ്യാരായിരുന്നു. കൂടാളി കാരണവർ ശാന്തനും സാത്വികപ്രകൃതിയുമായിരുന്നു. കല്യാട്ടെ കാരണവരാകട്ടെ സ്വതെ ശാന്തനെങ്കിലും വേണ്ടേടത്ത് ഉഗ്രപ്രതാപനാകാൻ കഴിവുള്ളയാളാണ്. അദ്ദേഹത്തെക്കുറിച്ച ഒരു പാടു കഥകളുണ്ട്. അദ്ദേഹത്തിന്റെ മകൻ എ. കെ. ചാത്തുക്കുട്ടിനമ്പ്യാർ എന്നെക്കാൾ രണ്ടുവയസ്സ താഴെയാണ്. മിഷ്യൻ സ്ക്കുളിൽത്തന്നെ പഠിക്കുന്നുണ്ട്. എനിക്കുവേണ്ടി എന്തും ചെയ്യും. മരിക്കുന്നതുവരെ അങ്ങനെയായിരുന്നു. എനിക്കെന്നല്ല,താനിഷ്ടപ്പെടുന്ന ആർക്കുവേണ്ടിയും. അക്കുറി സ്ക്കൾ പൂട്ടിയപ്പോൾ ഞാൻ പെരളശ്ശേരി നിന്നു ശങ്കരൻമാസ്ററരുടെ ഒരു കത്തോടുകൂടി– ശങ്കരൻ മാസ്ററർ കല്യാട്ടെ യജമാനനന്റെ ഭാര്യയുടെ ആങ്ങളയാണ്– കല്യാട്ടേക്കു പോയി; കത്തു കൊടുത്തു. അപ്പനു– എ.കെ. ചാത്തുക്കുട്ടിനമ്പ്യാരെ അങ്ങിനെയാണ് വിളിക്കുക– അവിടെ ഉണ്ടായിരുന്നതു എന്റെ ഭാഗ്യമാണ്. അല്ലെങ്കിൽ എന്തു സംഭവിക്കുമായിരുന്നു എന്നെനിക്കറിഞ്ഞുകൂടാ.

അന്നു കല്യട്ട് ഒരു വിശേഷവിധിയുണ്ട്. ഒരുപാടാളുകൾ പുറത്തു നിന്നു ഉണ്ണാനുണ്ടാവും. എത്രയാളുണ്ടായാലും, ആരാണ്, എന്താണ്, എവിടെനിന്നു, എന്തിനു എന്നൊന്നും ആരും ചോദിക്കില്ല. ഉണ്ണാനായാൽ ഇല വെക്കാൻ തുടങ്ങും. വേണ്ടവർക്കൊക്കെ, വന്നിരിക്കാം. പക്കത്തിൽ ചോറും കൂട്ടാനും മോരും മെഴുക്കുപുരട്ടിയും ഉണ്ടാകും. അതിന് ലോഭമില്ല. പക്ഷെ ഒന്നുണ്ട്. പകൽ ചോറ് ഏകദേശം മൂന്നുമണിക്കായിരിക്കും. രാത്രി ഏതാണ്ട് പന്ത്രണ്ടു മണിക്കും. അപ്പനു, ഉള്ളതുകൊണ്ട് ഞാൻ ഇതൊന്നും അറിയേണ്ടിവന്നില്ല. അപ്പനുവിന്റെകൂടെ ഉണ്ണാം. അതും കുറെ വൈകീട്ടുതന്നെയാണെങ്കിലും ഇത്ര വൈകേണ്ട. അപ്പനുവും എന്റെറ കാര്യം അച്ഛനോടു പറഞ്ഞു. ഗണ്യമായ ഒരു തുക പ്രതിവർഷം എനിക്കു തരുമെന്നദ്ദേഹം പറഞ്ഞു. ഏതാനും ദിവസം അപ്പനുവിന്റെയും മററു ആളുകളുടെയും– അവരിൽ പലരും എന്റെ കൂടെ സ്കൂളിൽ പഠിക്കുന്നവരാണ്– കൂടെ കല്യാട്ടെ കാട്ടുതെണ്ടി കുറച്ചു പണവും കൊണ്ടു നാട്ടിലേക്കു മടങ്ങുകയും ചെയ്തു. കൂടാളി യജമാനനും സഹായിച്ചു. അതിനു വേണ്ടതൊക്കെ കുഞ്ഞിക്കമ്മാരൻനമ്പ്യാർ ചെയ്തിരുന്നു.

ചാത്തുക്കുട്ടിയജമാനന്റെ കാലത്താണ് കല്യാട്ട് അതിന്റെ എല്ലാ പ്രാഭവങ്ങളോടും കൂടി പുലർന്നുപോന്നത്. സ്വതേ കരുണാർദ്രമനസ്കനാണെങ്കിലും വാശിപിടിച്ചാൽ അതിന്റെ അങ്ങേയറ്റം വരെ വിട്ടുകൊടുക്കാതെ പോരാടും. യജമാനന്റെ പ്രൗഢിയെ ഒന്നു താഴ്ത്തിക്കെട്ടാൻ വേണ്ടി തന്റെ ആനകളെ കല്ല്യാട്ടെ കാട്ടിലേയ്ക്കു അഴിച്ചു വിട്ടതും യജമാനൻ അവയെ പിടിച്ചുകെട്ടിയതും ഒടുവിൽ ആ മുഷ്കൻ വന്നു ക്ഷമായാചനം ചെയ്ത് ആനകളെയെല്ലാം കൊണ്ടു മടങ്ങിപ്പോയതും മരണംവരെ യജമാനനുമായി ലോഗ്യത്തിൽ കഴിഞ്ഞതും നാട്ടിലെല്ലാവർക്കും അറിയാവുന്ന കഥയായിരുന്നു. ഇതൊരുപക്ഷെ സർവ്വെ ചെയ്യാത്ത കാട്ടിനെ അതിർത്തിത്തർക്കത്തിന്റെ പിടിയിൽ കൊണ്ടുവരാൻ ഉദ്ദേശിച്ച പ്രാരംഭ നടപടിയും ആയിരുന്നിരിക്കാം.

അതിലും രസകരമായ വേറൊരു കഥയുണ്ട്. റങ്കൂണിൽനിന്നോ സിങ്കപ്പൂരിൽ നിന്നോ കുറെ പുത്തൻ പണവുമായി വന്ന ഒരാൾ ഇരിക്കൂറിൽ ഒരു പുതിയ കച്ചവടം തുടങ്ങി. യജമാനൻ ആ വഴിക്കു പോകുമ്പോൾ മിക്കപേരും എണീക്കും. അതൊരു പതിവാണ്. പക്ഷെ അദ്ദേഹം അതു നോക്കുകയോ കാണുകയോ പതിവില്ല, എന്നാൽ പുതിയ പണക്കാരൻ നാട്ടുകാരുടെ അടിമത്തത്തെക്കുറിച്ച്, കേട്ടാൽ ഇഷ്ടപ്പെടാത്ത ഭാഷയിൽ കുറെയേറെ എന്തൊക്കെയോ പറഞ്ഞു. അന്നു അയാൾ പീടിക പൂട്ടി വീലേക്കു പോയി; പക്ഷെ പിറേറന്നു വരുമ്പോൾ അവിടെ തല നരച്ച താടി നീണ്ട ഒരു വയസ്സൻ പലചരക്കുകച്ചവടത്തിന്നിരിക്കുന്നു. തന്റെ ഒരൊററസ്സാമാനവും കാണാനില്ല. പുതിയ വയസ്സന്റെ പഴയ കണക്കുബുക്കുകളുണ്ട്. പഴയ മരികകളിൽ

സാമാനങ്ങളുണ്ട്. അങ്ങിനെ പലതും. പണക്കാരൻ വന്നു തട്ടിക്കേറാൻ തുടങ്ങി. അടുത്ത പീടികക്കാർ വന്നു, "അയ്യോ, ഈ വയസ്സനിവിടെ എത്ര കാലായി നടത്തുന്ന കച്ചോടാ, നിങ്ങക്കെന്തുപ്പറ്റിപ്പോയി" എന്നു അവർ പണക്കാരനോട്. ഒടുവിൽ അയാൾ പോലീസിൽ ആവലാതി ബോധിപ്പിച്ചു. ഇൻസ്പെക്ടർ അന്വേഷണത്തിന്നു വന്നപ്പോൾ നാട്ടിൽ ഒരൊററ ആൾക്കും ഈ പുതിയ പണക്കാരന്റെ കച്ചവടത്തെക്കുറിച്ചറിഞ്ഞുകൂട. എല്ലാവർക്കും ആ വയസ്സൻ കച്ചവടക്കാരനുമായി പരിചയമോ എടപാടോ ഉണ്ടുതാനും. പോലീസ് കേസ് "റഫർ' ചെയ്തു. ഒടുവിൽ യജമാനന്റെ അടുത്തെത്തിയശേഷം ആ പണക്കാരനു തന്റെ പീടിക തിരിച്ചുകിട്ടി. ഇതു യജമാനൻ അറിയാതെതന്നെ നടന്ന സംഭവമാണെന്നും കേസു തീർക്കണ്ടേ സമയത്തു മാത്രമേ അദ്ദേഹം ഇടപെട്ടുള്ളു എന്നും പറയുന്നു: ആവാം.

ഇഷ്ടപ്പെട്ടവരോടു ഇത്ര കരുണയും വേറെ അധികമാൾക്കുണ്ടാവില്ല. ഒരു കുറി ഒരു പ്രോനോട്ടു വക കടം രണ്ടായിരം ഉറുപ്പിക– ഒരു സ്നേഹിതൻ വഴി ഉത്തമർണ്ണനു അയച്ചുകൊടുത്തു. കുറെ കഴിഞ്ഞു ആ ഉത്തമർണ്ണൻ പണം കിട്ടാത്തതിനെക്കുറിച്ചു സൂചിപ്പിച്ചപ്പോൾ. "ഞാൻ ഈയിടെ അയച്ചിരുന്നുവല്ലോ" എന്നായി. ഇല്ലെന്നു സത്യസന്ധനായി ഉത്തമർണ്ണൻ തീർത്തു പറഞ്ഞപ്പോൾ "ഞാൻ നോക്കട്ടെ" എന്നു പറഞ്ഞൊഴിഞ്ഞു. പിന്നീട് ആ പണം രണ്ടാമതും അയച്ചുകൊടുത്തു, ആദ്യം പണം അയച്ചു കൊടുത്ത മധ്യസ്ഥൻ അതു സ്വന്താവശ്യത്തിനെടുക്കുകയാണുണ്ടായത്. മരിക്കുന്നതുവരെ യജമാനൻ അദ്ദേഹത്തോടതിനെക്കുറിച്ചു ചോദിച്ചിട്ടില്ല– പിന്നീട് അങ്ങിനെ പണം എല്പിക്കുകയുണ്ടായില്ലെങ്കിലും.

ഇങ്ങനെ എത്രയെങ്കിലും കഥയുണ്ട്. ചിലതു ഇനിയും പറയാൻ സന്ദർഭം വന്നേക്കും. ആ അച്ഛന്റെ മകനായ അപ്പനു ഈ എഴുപതുകളിൽ ആദ്യം മരിച്ചു. എഴുപത്താറിലോ മറേറാ കുടകിന്റെ അതിർത്തിയിൽ 'കാലിയാർകോട്ട' എന്ന വൻകാട്ടിലെ പുരാതനമഹാക്ഷേത്രാവശിഷ്ടങ്ങളിലേക്ക് കോഴിക്കോട് സർവ്വകലാശാലയിലെ ഗവേഷകന്മാരോടൊപ്പം അന്വേഷണാർത്ഥം പോകാൻ നിശ്ചയിച്ചതായിരുന്നു, ഏതാണ്ട് അറുപത്തഞ്ചാം വയസ്സിൽ. അതിനിടവന്നില്ല. ഒരു കൊല്ലം മുമ്പു പെട്ടെന്നു മരിച്ചു. ഗംഭീരൻ കോട്ടമതിലുകളോട്ടുകൂടിയ ഈ ജീർണ്ണക്ഷേത്രം കണ്ടവർ ചുരുക്കമാണ്. അപ്പനു ചെറുപ്പത്തിലൊരു സാഹസികയാത്രയിൽ ആ വള്ളികളും പാമ്പുകളും മരങ്ങളും ക്ഷേത്രാവശിഷ്ടങ്ങളും കെട്ടുപിണഞ്ഞുകിടക്കുന്നേടത്ത് പോയിട്ടുണ്ട്. അന്നത്തെ യാത്രയുടെ ഒരു മനോഹരമായ ചിത്രം വാക്കുകളിൽ വിവരിച്ചിട്ടുമുണ്ട്. അപ്പനു ഒന്നാന്തരം ഒരു ശിക്കാറിയാണ്, പ്രകൃതിനിരീക്ഷകനാണ്, എഴുത്തുകാരനാണ്, പട്ടാളക്കാരനാണ്, കൃഷിക്കാരനാണ്, സംഭാഷണചതുരനാണ്, സാഹിത്യരസികനാണ്; ജ്യോതിഷം, ആയുർവ്വേദം, വിഷവൈദ്യം എന്നിവയും ആവശ്യത്തിലധികം സ്വാധീനമായിട്ടുണ്ട്. എല്ലാം തമപ്രത്യയം ചേർത്തുതന്നെ പറയണം. കൂട്ടുകാരോട്ടുകൂടി അല്പം "രസികത്തം' വേണമെങ്കിൽ അതിനും മുമ്പൻ തന്നെ. അവസാനകാലത്ത് വൈദ്യോപദേശമനുസരിച്ചു അതിൽ നിന്നു വിരമിച്ചിരിക്കയായിരുന്നു. ഷഷ്ടിപൂർത്തിക്കു ശേഷം അഞ്ചുവർഷംകൂടി പിന്നിട്ട ഒരാളെക്കുറിച്ചു "തല്ലുംപിടിക്കു വേണമെങ്കിൽ അവിടെയും നിസ്തുലൻ എന്നു പറയാമോ? ആവോ? വേദാന്തം, ഭാഗവതം, ഒക്കെ അപ്പനുവിനു സുപരിചിതങ്ങൾ. ചങ്ങാതിക്കൂറാണ് എല്ലാററിലും മുഖ്യം. അതു ഗുണത്തിനും ദോഷത്തിനും ആകാമല്ലോ. കുന്നിൻമുകളിൽ ഒററയ്ക്കിരിക്കാനും വിശാലമായ വയലിലൂടെ ഏകാകിയായി സഞ്ചരിക്കാനും കാട്ടിൽ ഒററയ്ക്കോ കൂട്ടായോ നടക്കാനും എനിക്കു എന്നും പ്രിയമായിരുന്നു. കല്യാട്ടു പോയാൽ ഇതിന്നൊക്കെ സൌകര്യം കിട്ടും. അവിടെ ചെറിയൊരു വെള്ളച്ചാട്ടമുണ്ട്. നല്ല അററ വേനൽക്കാലത്തുപോലും ഒരാനത്തുമ്പിക്കൈ വണ്ണത്തിൽ വെള്ളം പത്തിരുപതടി കുത്തനെ വീഴും. മുകളിൽ കുറെ ദൂരത്തുനിന്നു വരുന്നു; താഴെ ഇനിയും കുറെ ദൂരം പോകാനുണ്ട്. അവിടെ കൊച്ചു മീനുകൾ ഈ വെള്ളച്ചാട്ടത്തെ മുറിച്ചു മേല്പോട്ടു കേറുന്ന അഭ്യാസവൈദഗ്ധ്യം എത്രയെങ്കിലും നേരം നോക്കിനിൽക്കാം. വളരെ അകലത്തല്ലാതെയാണെന്നു തോന്നുന്നു കല്ലുചെത്തിയുണ്ടാക്കിയ ഒരു കമാനംപോലെയുള്ള ഗുഹയുണ്ട്. അതിന്റെ അപ്പുറത്തു വെള്ളം ഒഴുകുന്നു. ഭൂമിക്കടിയിൽ ഒരു തുരങ്കത്തിലൂടെ അതൊഴുകുന്നതായി തോന്നും. ശ്രീരാമന്റെ അമ്പുവീണിട്ടാണ് ആ പാതാളം അങ്ങനെയായാതെന്നു പറയും. കല്ല്യാട് പണ്ട് അഹല്യാനാടായിരുന്നു പോലും.അന്നൊക്കെ വലുതും ചെറുതുമായ ധാരാളം കാട്ടുകോഴികളെക്കാണാം. എപ്പോഴും അവയുടെ ശബ്ദം കേൾക്കാം. ആ കാട്ടിൽത്തന്നെ നരിയും പന്നിയും പുലിയും പന്നിയും എല്ലാം ഉണ്ടായിരുന്നു. വല്യെജമാനൻ താമസിച്ചിരുന്ന ചെറിയ വീടിന്റെ വളപ്പിൽ നിന്നും പശുവിനെ നരി പിടിച്ചിട്ടുണ്ട്. പന്നിയെ വെടിവെച്ചിട്ടുമുണ്ട്. അന്നത്തെ "കല്യാട്ടെ വലിയ കൊമ്പൻ" ഞാൻ കണ്ട ആനകളിൽ വലുതാണ്. പ്രായം കുറെ ചെന്നിട്ടുണ്ടെങ്കിലും എന്തൊരന്തസ്സ്. അതിന് പാപ്പാനെ വലിയ ഇഷ്ടമാണ്. പാപ്പാൻ കുടിച്ചു മത്തുകേറി കിടന്നുപോയാലും ആന ആളെ ഒരു കുസലും കൂടാതെ എടുത്ത് കല്ല്യാട്ടെത്തിക്കുമായിരുന്നുവത്രെ.

ഒരു കുറി ഞാൻ കല്ല്യാട്ടു പോയ കഥ ഇപ്പോൾ ഓർക്കുമ്പോൾ രസം തോന്നുന്നു. അന്നതു രസമായിരുന്നില്ല. ഫീസുകൊടുക്കാതെ ഞാൻ ക്ലാസ്സിൽ നിന്നു പുറത്താണ്. കല്ല്യാട്ടു പോയി യജമാനനോട് പണം ചോദിക്കണം. ഒരു രാവിലെ തലശ്ശേരി നിന്നു പുറപ്പെട്ടു. ചില്ലറക്കാശേ കൈയ്യിലുള്ളൂ. വേൻൽക്കാലമാണ്.

അഞ്ചരക്കണ്ടി, ചാലോട്, ഇരിക്കൂർ വഴിക്കാണ് പോക്ക്. വഴി നന്നെ തിട്ടുങ്ങിയപ്പോൾ ഒരു ചായ ഏതോ പീടികയിൽ നിന്ന് കുടിച്ചിരിക്കാം. അന്നു ചായപ്പീടിക വളരെ ചുരുക്കമായിരുന്നു. പിന്നെ നടക്കാവുമരങ്ങളായി വെച്ചുപിടിപ്പിച്ചിരുന്ന, അല്ലെങ്കിൽ റോഡിന്നടുത്തുള്ള പറങ്കിമാവുതോറും കേറി പഴുത്തമാങ്ങ പറിച്ചു വെള്ളം കുടിക്കും. കേറാൻ കഴിയാഞ്ഞാൽ എറിഞ്ഞുതള്ളിയിടും അങ്ങിനെ ഒറ്റയ്ക്കു സഞ്ചരിച്ച് ഒരു മൂന്നുമണിയോടുകൂടി കല്ല്യാട്ടെത്തി. അവിടത്തെ ഊണിന്റെ സമയം കഴിഞ്ഞിട്ടില്ലാത്തതിനാൽ ഊൺ കിട്ടി. ഒരു നാലരമണിയോടുകൂടിയാണ് യജമാനൻ മുകളിൽ നിന്നിറങ്ങി വന്നത്. കണ്ടപ്പോൾ വിളിച്ചന്വേഷിച്ചു. ഞാൻ പണത്തിടുക്കംകൊണ്ടു വന്നതാണെന്നറിഞ്ഞപ്പോൾ "ഇപ്പോൾ ഇവിടെ ഒന്നുമില്ല, കർക്കിടകം 12 നു വരു" എന്നു പറഞ്ഞു. എന്റെ സപ്തനാഡികളും ക്ഷയിച്ചുപോയി. അപ്പനു അവിടെ ഇല്ലാത്ത കാലം. അങ്ങോട്ടു കാര്യം പറയാൻ നാവുപൊന്തിയില്ല. കണ്ണിൽ വെള്ളം നിറഞ്ഞു. അതും കൊണ്ടു മറയത്തു പോയി. ഹൃദയത്തിൽ നിറയെ നിരാശ. എന്തിനെന്നോ എങ്ങോട്ടെന്നോ ഇല്ലാതെ ഞാൻ അവിടെനിന്നു പുറപ്പെട്ടു. മനസ്സനൊന്തിട്ടാണ് പുറപ്പെട്ടത്. ഞാൻ ക്ലാസിൽ നിന്നു പുറത്താക്കപ്പെട്ടിരിക്കയാണ് എന്നു പറഞ്ഞിരുന്നുവെങ്കിൽ എങ്ങിനെയെങ്കിലും ഒരു സമയം തൽക്കാലാവശ്യത്തിന്നു പണം ഉണ്ടാക്കിത്തന്നേനേ! ചാത്തുക്കുട്ടിയജമാനനു കൈയിൽ കാശില്ലാത്ത അവസരങ്ങൾ ചുരുക്കമല്ല. എത്ര കിട്ടിയാലും അതൊക്കെ ആവശ്യക്കാർക്ക് കൊടുത്തുകഴിഞ്ഞിരിക്കും. നന്നെ തിട്ടുങ്ങിയാൽ ഇരിക്കൂറിൽ ഏതെങ്കിലും ഒരു പണക്കാരന് ശീട്ടുകൊടുക്കും. അതാണ് സമ്പ്രദായം. പക്ഷെ ഞാൻ ഒന്നും പറഞ്ഞില്ല.

നേരെ നടന്നു ഇരിക്കൂറെത്തി. അപ്പോൾ ഏതാണ്ടു സന്ധ്യയാവുന്നു. ഇനിയങ്ങോട്ട് കൂടാളിക്ക് പത്തുപതിനാലു നാഴികയുണ്ട്. തലശ്ശേരി നിന്നു 34 നാഴികയോളം നടന്നു കല്യാട്ടും അവിടെനിന്നു വീണ്ടും മൂന്നു നാഴിക ഇരിക്കൂറേക്കും നടന്ന ഞാൻ കൂടാളി എത്തുക എന്നതുണ്ടാവില്ല. അപ്പോൾ ഓർമ്മ വന്നു. കൊടോളിപ്പുറത്ത് ചന്തുനമ്പ്യാരുടെ ഭാര്യയുടെ അമ്മയും അമ്മാമനും ഒക്കെ താമസിക്കുന്നുണ്ട്. അവിടേക്കു പോകാം. ഇരിക്കൂറിൽനിന്നു അവിടേക്കു അഞ്ചാറു നാഴിക കാണും. മുൻനിലാവാണ്. പക്ഷെ വഴിയോ? ഒരു കുറിയേ മുമ്പു ഞാൻ ആ വഴിക്കു സഞ്ചരിച്ചിട്ടുള്ളൂ. കാട്ടിലൂടെയാണ് വഴി. വഴിക്ക് ഒന്നോ രണ്ടോ മുളപ്പാലങ്ങളുണ്ട്. അഗാധഗർത്തങ്ങളുടെ മുകളിൽ. ചവിട്ടുമ്പോൾ ആടിക്കളിക്കുന്ന പാലങ്ങൾ. പകൽസമയത്തുതന്നെ അതുകടക്കാൻ പ്രയാസം. എന്തുമാകട്ടെ എന്നു കരുതി ഞാൻ നടന്നു. പാലം അപകടം കൂടാതെ കടന്നു. കുറച്ചു കഴിഞ്ഞപ്പോൾ കാട്ടിൽ വഴിയില്ലാതായി. എന്തുവേണ്ടു എന്നു നിശ്ചയമില്ല. കരച്ചിൽ വരുന്നു. കാട്ടിൽ എന്തു നിലാവെളിച്ചം. വഴി ഉള്ളതിലൂടെയും ഇല്ലാത്തേടത്തുകൂടിയും കുറെ നടന്നു. എല്ലാ ഈശ്വരന്മാരും അന്നേരം എന്റെ മനസ്സിലൂടെ കടന്നുപോയിരിക്കണം.

അങ്ങിനെ കുറേ നേരം നടന്നപ്പോൾ ദൂരെ നിന്നൊരു വെളിച്ചംകണ്ടു. ഞാൻ കൂക്കി. ആ വെളിച്ചത്തിന്റെ നേരെ നടന്നു. ഭാഗ്യവശാൽ അതു "കുളിവെളിച്ച"മൊന്നും ആയിരുന്നില്ല. ഒരു മനുഷ്യൻ ചൂട്ടുമായി വഴി പോകയാണ്. ഞാൻ ആ മനുഷ്യനോട് എന്റെ സ്ഥിതി പറഞ്ഞു. എനിക്കു കൊടോളിപ്പുറത്ത് അനന്തനെജമാനെന്റെ വീട്ടിലേക്കാണ് പോകേണ്ടതെന്നും പറഞ്ഞു. അയാൾ ഒരാശാരിയായിരുന്നു.കൊടോളിപ്പുറത്ത് പണികഴിഞ്ഞ് പീടികയിൽ പോയി മടങ്ങാൻ താമസിച്ചതാണ്. ദയാലുവായ ആ മനുഷ്യൻ വഴി കാട്ടിക്കൊണ്ട് എന്റെ കൂടെ വന്നു. ദൂരെ നിന്നു വഴി കാണിച്ചുതന്നു മടങ്ങി. ഞാൻ എന്റെ കൈയിൽ എന്തുണ്ടെന്നു നോക്കി. അന്നത്തെ ഒരു ഇരട്ടമുക്കാൽ (അരയണ–മൂന്നു പൈസ) മാത്രം അതു എന്റെ കൈയിൽ ആകെയുള്ളതാണെന്നും പറഞ്ഞു അദ്ദേഹത്തിനു സമർപ്പിച്ചു. വാങ്ങാൻ വളരെ മടിച്ചുവെങ്കിലും ഞാൻ നിർബ്ബന്ധിച്ചു പിടിപ്പിച്ചു. എന്റെ അർദ്ധാരാജ്യമല്ല, രാജ്യം മുഴുവനും ആയിരുന്നു ആ അരയണ.

ഞാൻ തലശ്ശേരി വിട്ടു കുറെ കഴിഞ്ഞശേഷം ഉണ്ടായ 'അമ്മു– ആമിനക്കേസു കൂടി ഈ സന്ദർഭത്തിൽത്തന്നെ പറഞ്ഞേക്കാം. എടക്കാട്ടെങ്ങാനുമുള്ള ഒരു അമ്മുവെ ഒരു മാപ്പിള സ്വാധീനപ്പെടുത്തി പൊന്നാനികൊണ്ടുപോയി. കുപ്പായം ഇടിച്ചു – (സ്ത്രീകളെ ഇസ്ലാമിലേക്ക് പരിവർത്തനം ചെയ്യുന്നതിന്നു അങ്ങിനെയാണ് പറയുക;പുരുഷന്മാരെയാണെങ്കിൽ തൊപ്പിയിടീക്കലും). എന്നിട്ടവർ മടങ്ങിവന്നു അമ്മുവിന്റെ സ്വന്തം വീട്ടിനുതൊട്ടടുത്തു താമസമാക്കി, "അവൾ പോയാൽ പോകട്ടെ; എന്തിനിങ്ങനെ നിത്യശല്യമാക്കുന്നു" എന്നായിരുന്നു വീട്ടുകാരുടെ നില. അവർ ഹിന്ദുക്കളുടെയും മുസ്ലിംകളുടെയും പരിഹാസത്തിനു പാത്രമായിരുന്നിരിക്കണം, ഒടുവിൽ അവർ അമ്മുവിനെ ഒരുനാൾ ആ വീട്ടിൽ ആളില്ലാത്തപ്പോൾ ബലമായി പിടിച്ചു എങ്ങോട്ടോ കൊണ്ടുപോയി എന്നു ആവലാതിയായി. ഇതു, സ്വാഭാവികമായി, അവിടത്തെ മുസ്ലിംകളെയും പിന്നീടു മററിടങ്ങളിലെ മുസ്ലിംകളെയും ക്ഷോഭിപ്പിച്ചു. അവിടെ അസ്വാസ്ഥ്യമുണ്ടാകാതിരിക്കാൻ പോലീസു കരുതലോടെ ഇരിക്കേണ്ടിവന്നു. ആമിനയുടെ ഭർത്താവായ മുസ്ലിം അവളെ വിണ്ടുകിട്ടാൻ കേസ് കൊടുത്തു. ഭവനഭേദനം മുതലായ കുററങ്ങളും ഉണ്ടാവണം. എനിക്കിപ്പോൾ ഓർമ്മയില്ല. അതൊരു വമ്പൻ കേസായി. കേസുകേൾക്കാൻ ആളുകൾ ധാരാളം കൂടും.

“ആമിനയെ എവിടെ പാർപ്പിച്ചാലും പിടിച്ചു കൊണ്ടുവരും" എന്നു മുസ്ലിംകൾ; “അമ്മുവെ എന്തുവന്നാലും വിട്ടുകൊടുക്കില്ല" എന്നു ഹിന്ദുക്കൾ. ഹിന്ദുക്കളുടെ ഭാഗം കേസു വാദിക്കാൻ കെ.ടി ചന്തുനമ്പ്യാരാണ്. അദ്ദേഹത്തിനു ധാരാളം ഭീഷണിക്കത്തുകൾ കിട്ടി. ഈ കത്തുകൾ അദ്ദേഹത്തിൽ വാശി വളർത്തി. അങ്ങിനെയാണുണ്ടായതി. കേസിനുപോകുമ്പോൾ ആറു തിര നിറച്ച റിവോൾവർ കീശയിലുണ്ടാകും. എന്തിനും തയ്യാറായിട്ടു തന്നെയാണ് പോക്ക്.

അന്നു കല്ല്യാട്ട് ചാത്തുക്കുട്ടിയജമാനൻ ഉള്ള കാലമാണ്. അമ്മുക്കുട്ടിയെ വേറെ എവിടെ പാർപ്പിച്ചാലും മാപ്പിളമാർ കൊണ്ടുപോയ്ക്കളയും എന്നു പേടിച്ച കല്ല്യാട്ടെ യജമാനന്റെ അധീനതയിൽ പാർപ്പിച്ചു എന്നാണ് കേട്ടത്. കല്യാട്ടെജമാനൻ അവിടെങ്ങും വളരെ കർശനമായ കാവൽ എർപ്പെടുത്തി. അപരിചിതരായ അന്യനാട്ടുകാരായ മാപ്പിളമാർ കല്യാട്ടേക്കു കടക്കുമ്പോൾ കൂടെ വേറെ ആളുകൾ കൂടും. ഇരിക്കൂർകാരായ മാപ്പിളമാർക്ക് തടസ്സവുമില്ല. കൊണ്ടോട്ടിയിൽനിന്നും മററു, ആളെ കൂട്ടിവരും എന്നുവരെ കേൾയുണ്ടായിരുന്നു. കഴിഞ്ഞ നൂററാണ്ടിൽ ഒരു മാപ്പിളലഹള കല്ല്യാട്ടു വരെഎത്തുകയും അന്നത്തെ യജമാനൻ അതു നിശ്ശേഷം പരാജയപ്പെടുത്തുകയും ഉണ്ടായതു. ഒരു ചരിത്രകഥയാകുന്നു. രാത്രിയായാൽ ഇരിക്കൂർ നിന്നു കല്യാട്ടേക്കുള്ള വഴിയിൽ മരത്തിനു മുകളിൽ തോക്കുകകൊണ്ടു കുറിച്ച്യരോ കരിമ്പാലരോ കാവലിരിക്കുകപോലും ഉണ്ടായതായി കേട്ടു, ഒരുകുറി ചാത്തുക്കുട്ടിയജമാനൻ കൂടാളി നിന്നു മടങ്ങുമ്പോൾ വൈകിപ്പോയതിനാൽ ഇരിക്കൂർ പുഴ കടക്കുമ്പോഴെക്കും ഇരുട്ടിരുന്നു. വഴിക്കു കാർ നിർത്തി ഒന്നു മൂത്രശങ്കക്ക് പുറത്തിറങ്ങിയ യജമാനൻ തോക്കിന്റെ കൊത്തി പറിക്കുന്ന ഒച്ച കേട്ട് കാറിന്റെ വിളക്കിട്ടും ഉച്ചത്തിൽ വർത്തമാനം പറഞ്ഞും താൻ ആരെന്നു വെളിപ്പെടുത്തിയതായി ഒരു കഥ കേട്ടിട്ടുണ്ട്. ഏതായാലും കോടതി അമ്മുവെ അവളുടെ വീട്ടുകാരെ ഭരമേൽപിക്കുകയാണ് ഒടുവിൽ ഉണ്ടായത്. ഇന്നു ആളുകൾ ആ കഥ മറന്നു, അങ്ങിനെ ഒരു കഥ ഉണ്ടാവരുതായിരുന്നു. ഇഷ്ടമുള്ള വിശ്വാസം ആർക്കുമാകം. അതിനെന്തിനു മതമാററരേഖ? ഇഷ്ടമുള്ള ആളെ ഭർത്താവായോ ഭാര്യയായോ തിരഞ്ഞെടുക്കാൻ കഴിയണം, അതിനെതിനു മത്സരം? എങ്കിലും ഇങ്ങനെയൊക്കെ സംഭവിച്ചു, ആ കേസിലെ കക്ഷികൾ ഇപ്പോൾ എവിടെ എങ്ങിനെ ജീവിക്കുന്നു? ഇത്രയായിട്ടും നാം വിവേകത്തോടെ ജീവിക്കാൻ പഠിച്ചില്ലെങ്കിൽ കഷ്ടമാണ്.

കല്ല്യാട് താഴത്തുവീട് ക്ഷേത്രസമുച്ചയ ട്രസ്റ്റ്
ഭരണഘടനയും നിയമാവലിയും

മുഖവുര

കണ്ണൂർ ഡിസ്ട്രിക്ട് തളിപ്പറമ്പ താലൂക്ക് കല്ല്യാട് അംശം ദേശത്തുള്ള ഒരു പുരാതന മരുമക്കത്തായ തറവാടാണ് കല്ല്യാട്ട് താഴത്തുവീട്. മേപ്പടി തറവാട്ടിലേക്കു ഉടമാവകാശപ്പെട്ടതായി താഴെ പറയുന്ന ക്ഷേത്രങ്ങളും ദേവസ്ഥാനങ്ങളും ഉണ്ട്.

1. കല്ല്യാട്ട് വയത്തൂർ കാലിയാർ ശിവക്ഷേത്രം
2. കല്ല്യാട്ട് മഹാവിഷ്ണു ക്ഷേത്രം
3. കല്ല്യാട്ട് വേട്ടക്കരുമകൻ ക്ഷേത്രം
4. കല്ല്യാട്ട് പുള്ളിവേട്ടക്കരുമകൻ ക്ഷേത്രം
5. കല്ല്യാട്ട് പോതികോട്ടം (ഭഗവതീസ്ഥാനം)
6. പെരുമണ്ണ് ചുഴലി ഭഗവതീ ക്ഷേത്രം
7. മാമാനിക്കുന്ന് മഹാദേവീ ക്ഷേത്രം
8. കല്ലായി വയത്തൂർ കാലിയാർ ശിവ ക്ഷേത്രം
9. കൊടോളിപ്രത്ത് കവരിശ്ശേരി ശിവ ക്ഷേത്രം
10. കൊടോളിപ്രത്ത് വരയിൽക്കാവ് ഭഗവതി സ്ഥാനം
11. വയത്തൂര് ആദിവയത്തൂർ കാലിയാർ ശിവ ക്ഷേത്രം
12. വയത്തൂർ വേട്ടക്കരുമകൻ ക്ഷേത്രം
13. മാവിലായി പെരിങ്ങാട്ട് കാവ് (തിറ)

തറവാട്ടു വസ്തുക്കൾ ഭാഗിപ്പാൻ തലശ്ശേരി സബ്ബ് കോർട്ടിൽ 1948-ൽ O. S. 117 നമ്പറായി ഉണ്ടായ കേസിലെ തീർപ്പ് പ്രകാരം മേൽ 9-ാം നമ്പറായി കാണിച്ച കവരിശ്ശേരി ശിവക്ഷേത്രത്തിന്റെ നടത്തിപ്പ് പട്ടാന്നൂരംശം ദേശത്ത് ചിത്രാരിയിൽ താമസിക്കും കെ. ടി. ബാലഗോപാലൻ നമ്പ്യാരിൽ നിക്ഷിപ്തമാണെങ്കിലും ആ ക്ഷേത്രവും ഈ ട്രസ്റ്റിൽ ഉൾപ്പെടുത്താൻ ബാലഗോപാലൻ നമ്പ്യാർ അപേക്ഷിച്ച പ്രകാരം അതും ഈ ലിസ്റ്റിൽ പെടുത്തിയതാകുന്നു. അതുപോലെ തന്നെ മേൽ 13-ാം നമ്പറായി കാണിച്ച മാവിലായിലെ പെരിങ്ങാട്ട്കാവ് എന്ന ദേവസ്ഥാനത്തിന്റെ നടത്തിപ്പ് മേൽ പറഞ്ഞ

കോടതി തീർപ്പുപ്രകാരം എരഞ്ഞോളി അംശം വടക്കുമ്പാട് ദേശത്ത് കൊളപ്രത്ത് താമസിക്കും കെ. ടി. രവീന്ദ്രനാഥനിൽ നിക്ഷിപ്തമാണെങ്കിലും മേപ്പടി രവീന്ദ്രനാഥൻ അപേക്ഷിച്ച പ്രകാരം അതും ഈ ലിസ്ററിൽ ഉൾപ്പെടുത്തിയതാകുന്നു.

മേൽപറഞ്ഞ ക്ഷേത്രങ്ങൾക്കും ദേവ സ്ഥാനങ്ങൾക്കും പുറമെ വേറെയും അനേകം ദേവകാര്യങ്ങൾ തറവാട്ടിൽ നിന്നു കാലത്താൽ കഴിച്ചുവരേണ്ടതുണ്ട്. അതിൽ കല്ല്യാട്ട് താഴത്തു വീട് ഭവനത്തിലെ തെക്കിനയിലുള്ള ആരാധനാസ്ഥലത്തു നവ രാത്രി കാലത്തും പ്രധാനപ്പെട്ട നാലു വാവു ദിവസങ്ങളിലും കഴിക്കേണ്ട ദേവീ പൂജകൾ (ശാക്തേയ പൂജകൾ) പ്രത്യേകം പ്രസ്താവ്യമാണ്.

തറവാട്ടു പാർട്ടീഷൻ കേസിൽ ഉണ്ടായ ഒന്നാമത്തെ ഇൻറ/റിം ഫൈനൽ ഡിക്രി പ്രകാരം ക്ഷേത്രങ്ങളും ക്ഷേത്ര ങ്ങളുടെ പേരിലുള്ള വസ്തുക്കളും സർവ്വസമ്മതമായി ഭാഗ ത്തിൽനിന്നു ഒഴിവാക്കുകയും അവ തറവാട്ടിലെ വയസ്സുമൂത്ത പുരുഷൻ (കാരണവർ) തന്നെ കൈകാര്യം ചെയ്യേണ്ടതാണെന്നു തീർപ്പാവുകയും ചെയ്തിരുന്നു. സ്വന്തം പേരിൽ സ്വത്തുക്കളി ല്ലാത്തതും ആദായം മതിയാവാത്തതുമായ ക്ഷേത്രങ്ങളുടേയും ദേവസ്ഥാനങ്ങളുടേയും നടത്തിപ്പിന്ന വേണ്ടി കുടിയാന്മാരുടെ കൈവശമായ കുറെ തറവാട്ടു വസ്തുക്കൾ ഫൈനൽ എവാർഡ് പ്രകാരം പ്രത്യേകം നീക്കിവെക്കകയും ചെയ്തിരുന്നു. എങ്കിലും ഭൂപരിഷ്കരണ നിയമം നിലവിൽവന്നതോടുകൂടി ക്ഷേത്രങ്ങ ളുടെ പേരിലുള്ളതും കുടിയാന്മാരുടെ കൈവശമായിരുന്നതു മായ മുഴുവൻ വസ്തുക്കളും നഷ്ടപ്പെട്ടുപോയിരിക്കുന്നു. ക്ഷേത്രങ്ങളും അതു നിൽക്കുന്ന സ്ഥലങ്ങളും മാത്രമെ അവ ശേഷിച്ചിട്ടുള്ളൂ. ഈ സാഹചര്യങ്ങളിൽ വഴിപാടുകളും ഭണ്ഡാ രങ്ങളും മുഖേന ലഭിക്കന്ന വരവുകളും കുടുംബങ്ങളിൽ നിന്നും മററും ലഭിക്കുന്ന സംഭാവനകളും കൊണ്ടാണ് ക്ഷേത്ര ഭരണം നടത്തിവരുന്നത്. മേൽപറഞ്ഞ ക്ഷേത്രങ്ങളിൽ അധികവും സ്വയം പര്യാപ്തതയില്ലാത്തതാണ്. ശ്രീ മാമാനിക്കുന്നു മഹാ ദേവീ ക്ഷേത്രത്തിൽ നിന്നു ലഭിക്കുന്ന സഹായധനം കൊണ്ടു കല്ല്യാട്, കൊടോളിപ്രം, പെരുമണ്ണ് എന്നീ സ്ഥലങ്ങളിലെ ക്ഷേത്രങ്ങൾ കഷ്ടിച്ചു രക്ഷപ്പെടുന്നു എന്നു പറയാം. ഒരു ട്രസ്ററ് ഉണ്ടാക്കി എല്ലാ ക്ഷേത്രങ്ങളുടെയും ദേവസ്ഥാനങ്ങ ളുടെയും മററു ദേവകാര്യങ്ങളുടെയും ഭരണം ഏകോപിപ്പിച്ചു ആ ട്രസ്റ്റിൻെറ അധീനതയിലാക്കുന്നതു ക്ഷേത്ര നടത്തിപ്പിന്നും

കുടുംബ ശ്രേയസ്സിന്നും നല്ലതാണെന്ന തറവാട്ടിലെ എല്ലാ മെമ്പർ മാർക്കും അഭിപ്രായമാകയാൽ ഇങ്ങിനെ ഒരു ട്രസ്ററ് നിലവിൽ വരാൻ ഇടയായതാകുന്നു.

പാർട്ടീഷൻ വിധി പ്രകാരം തറവാട്ടു വസ്തുക്കൾ മാത്രമെ ഭാഗിച്ചിട്ടുള്ളൂ. ക്ഷേത്രങ്ങൾ ഭാഗിച്ചിട്ടില്ല. കുടുംബ ങ്ങളെ കൂട്ടിയിണക്കുന്ന കണ്ണികളായി ക്ഷേത്രങ്ങൾ നിലനിൽ ക്കുന്നു. ജോയിൻറ് ഫാമിലി സിസ്ററം എബൊളിഷൻ ആക്ട് ക്ഷേത്രങ്ങൾക്കു ബാധകമാക്കാവുന്നതല്ല. ക്ഷേത്രഭരണം പര മ്പരാഗതമായ മരുമക്കത്തായ നിയമമനുസരിച്ചുതന്നെ നടന്നു വരേണ്ടതാകുന്നു. ക്ഷേത്രങ്ങളെ സംബന്ധിച്ചിടത്തോളം കുടും ബങ്ങൾ ഭാഗിച്ചു പിരിഞ്ഞിട്ടില്ല. അതായതു ക്ഷേത്രങ്ങളുടെ കാര്യത്തിൽ പഴയ മരുമക്കത്തായ വ്യവസ്ഥകൾ ഇപ്പോഴും നില നിൽക്കുന്നു. ക്ഷേത്രങ്ങളെയും അവയുടെ നടത്തിപ്പിനെയും സംബന്ധിച്ചേടത്തോളം കല്ല്യാട്ട് താഴത്തുവീട് തറവാട് അവി ഭക്തമായിത്തന്നെ നിലനിൽക്കുന്നു. തറവാട്ടിൽ കാരണവരായി വരുന്ന ആൾ എപ്പോഴും വൃദ്ധനും വാർദ്ധക്യസഹജമായ അവ ശതകൾകൊണ്ടും കഷ്ടപ്പെടുന്നാളുമായിരിക്കും. ആകയാൽ ഇതു പോലെ ഒരു ട്രസ്ററ് ഉണ്ടാക്കി എല്ലാ ക്ഷേത്രങ്ങളുടേയും ദേവകാര്യങ്ങളുടെയും ഭരണം ആ ട്രസ്റ്റിനെ ഏൽപ്പിക്കുന്നതിന്നു മുഴുവൻ കുടുംബങ്ങളും സമ്മതിക്കുകയും ആ ഉദ്ദേശം നിറവേ റ്റാൻ 2002 ജനവരി 1 ന് കല്ല്യാട്ട് താഴത്തുവീട്ടിൽ യോഗം ചേരുകയും ചുവടെ പറയുന്ന ഭരണക്രമവും നിയമാവലിയും നിബന്ധനകളും ചർച്ച ചെയ്തു അംഗീകരിക്കുകയും ചെയ്തി ട്ടുള്ളതാകുന്നു.

ഈ ട്രസ്ററ് നിലവിൽ വരുന്നതോടുകൂടി ക്ഷേത്ര ങ്ങളുടെയും ദേവകാര്യങ്ങളുടെയും ഭരണം തറവാട്ടു കാരണവർ (പാരമ്പര്യ ട്രസ്ററി) ഈ ട്രസ്ററിൻെറ പ്രസിഡണ്ടിന്നു കൈ മാറേണ്ടതാണ്. അതിൽ പിന്നെ ട്രസ്ററിൻെറ ഭരണ സമിതി ഇതിലെ നിബന്ധനകൾക്കനുസരിച്ച ഭരണം നടത്തേണ്ടതുമാണ്.

കുടുംബയോഗം അംഗീകരിച്ച ട്രസ്ററിന്റെ പേര്, പ്രവർത്തന പരിധി, ഉദ്ദേശങ്ങൾ മുതലായ വിവരങ്ങൾ

1 പേർ:-

ട്രസ്ററിന്റെ പേർ "കല്ല്യാട്ട് താഴത്തുവീട് ക്ഷേത്ര സമുച്ചയ ട്രസ്ററ്" എന്നാകുന്നു.

2 ട്രസ്റ്റിന്റെ ആസ്ഥാനം:-

ശ്രീ മാമാനിക്കുന്ന് മഹാദേവീ ക്ഷേത്രം,
മാമാനിക്കുന്ന്,
P. O. പെരുവളത്തുപറമ്പ്,
ഇരിക്കൂർ, കണ്ണൂർ ഡിസ്ട്രിക്ട്.

3 മേൽവിലാസം:- ടി. ടി. ടി.

4 ട്രസ്റ്റിന്റെ പ്രവർത്തന പരിധി:-

മുഖവുരയിൽ പറഞ്ഞ ക്ഷേത്രങ്ങളും ദേവസ്ഥാനങ്ങളും കല്ല്യാട് താഴത്തുവീട് ഭവനത്തിലെ ദേവീ പൂജാസ്ഥാനവും പണ്ടേക്കുപണ്ടേ തറവാട്ടിൽ നിന്നു നടന്നും നടത്തിച്ചും വരുന്ന ദേവകാര്യങ്ങളും ധർമ്മകാര്യങ്ങളും ചടങ്ങുകളും ട്രസ്ററിന്റെ പ്രവർത്തന പരിധിയിൽ വരും.

5 ട്രസ്ററിന്റെ ലക്ഷ്യങ്ങളും ഉദ്ദേശങ്ങളും:-

(1) മുൻപറഞ്ഞ ക്ഷേത്രങ്ങളും ദേവസ്ഥാനങ്ങളും സംരക്ഷിക്കുകയും അവിടെ നടത്തേണ്ടതായ നിത്യനൈമിത്തിക കർമ്മങ്ങളും പൂജകളും വിശേഷാൽ പൂജകളും ചടങ്ങുകളും ഉൽസവങ്ങളും യഥാവിധി നടത്തുകയും നടത്തിക്കുകയും ചെയ്യുക.

(2) ട്രസ്ററിന്റെ അധീനതയിലുള്ള ഓരോ സ്ഥാപനവും ഇന്നു നടത്തുന്നവരെക്കൊണ്ടുതന്നെ ഇപ്പോഴുള്ള ഭരണക്രമം അലങ്കോലപ്പെടുത്താതെ തുടർന്നും നടത്തിക്കുകയും ഓരോന്നിന്റെയും നടത്തിപ്പ് ക്ഷേത്രത്തിന്റെയും ക്ഷേത്രേശകുടുംബത്തിന്റെയും ശ്രേയസ്സിന്നും അഭിവൃദ്ധിക്കും സുസ്ഥിതിക്കും ഉതകുന്ന തരത്തിലാണെന്നു ഉറപ്പുവരുത്തുകയും ചെയ്യുക.

(3) ക്ഷേത്ര സമുച്ചയത്തിലെ എല്ലാ സ്ഥാപനങ്ങളുടേയും മേൽക്കോയ്മ എന്ന നിലയിൽ ക്ഷേത്ര ജീവനക്കാരുടെ അച്ചടക്കം ഉറപ്പുവരുത്തുക. അച്ചടക്ക നടപടികളിൽ അന്തിമ തീരുമാനമെടുക്കുക.

(4) ക്ഷേത്രങ്ങൾക്കു ആവശ്യമായ റിപ്പേറുകൾ നടത്തുക. ക്ഷേത്രാഭിവൃദ്ധിക്കു വേണ്ടിയുള്ള മരാമത്തുകൾ നടത്തുക. അതാതു ക്ഷേത്ര നടപ്പുകാരനിൽ നിന്നു ആവശ്യമായി വരുന്ന റിപ്പേറുകളെപ്പററി റിപ്പാർട്ടു ലഭിച്ചാൽ അതു അന്വേഷിച്ചു തൃപ്തിപ്പെട്ടശേഷം റിപ്പേറുകൾ നടത്തിച്ചു കൊടുക്കേണ്ടത് ട്രസ്ററ് ആകുന്നു.

(5) ഏതെങ്കിലും സ്ഥാപനത്തിൻെറ നിലനിൽപ്പിന്നു അതിൽ നിന്നുള്ള വരുമാനം മതിയാവാതെവരുമ്പോൾ വരുമാനമുള്ള ക്ഷേത്രത്തിൽ നിന്നു പണം എടുത്തു വരുമാനമില്ലാത്ത ക്ഷേത്രത്തിൻെറ ആവശ്യങ്ങൾക്ക വിനിയോഗിക്കാൻ ട്രസ്ററിന്ന അധികാരമുണ്ട്.

(6) ക്ഷേത്രങ്ങളോട അനുബന്ധിച്ചുള്ള സ്ഥലങ്ങളും മററും അന്യാധീനപ്പെട്ടുപോയതും ക്ഷേത്രാവശ്യങ്ങൾക്കുവേണ്ടി തിരിച്ചു പിടിക്കാൻ നിയമ പ്രകാരമുള്ള നടപടികൾ എടുപ്പാൻ ട്രസ്ററിനു അധികാരമുണ്ട്.

(7) മാമാനിക്കുന്ന് ക്ഷേത്രത്തിൽനിന്നു ഇപ്പോൾ കല്ല്യാട്ട് ശിവക്ഷേത്രത്തിലേക്കു മാസംതോറും 3750 രൂപയും കല്ല്യാട്ട് വിഷ്ണു ക്ഷേത്രത്തിലേക്ക് മാസംതോറും 3750 രൂപയും പെരുമണ്ണ് ചുഴലി ഭഗവതി ക്ഷേത്രത്തിലേക്കു മാസംതോറും 1250 രൂപയും കൊടോളിപ്രത്ത് കവരിശ്ശേരി ശിവ ക്ഷേത്രത്തിലേക്കു മാസം തോറും 2000 രൂപയും സഹായം അനുവദിച്ചിട്ടുള്ളതു ട്രസ്ററ് തുടർന്നും അനുവദിക്കാൻ ബാദ്ധ്യസ്ഥമാണ്. അതുകൾ കാലാനുസൃതം ഭേദഗതി ചെയ്യാൻ ട്രസ്ററിന്നു ജനറൽ ബോഡി, തീരുമാനിക്കുന്നതിന്നനുസരിച്ചു അധികാരമുണ്ടായിരിക്കം. അതുപോലെതന്നെ മേൽപറഞ്ഞ ക്ഷേത്രങ്ങൾക്കു പുറമെ വേറെ ഏതെങ്കിലും സ്ഥാപനത്തിന്നു സഹായ ധനം നൽകേണ്ടതു ആവശ്യമായി വന്നാൽ അതിന്നും ട്രസ്ററിന്നു അധികാരമുണ്ടായിരിക്കും.

(8) തറവാട്ടു വകയായുള്ള എല്ലാ ക്ഷേത്രങ്ങളും ദേവസ്ഥാന

ങ്ങളും ദേവകാര്യങ്ങളും ട്രസ്റ്റിൻെറ അധീനതയിൽ കൊണ്ടു വന്നു ഓരോന്നും അതതിൻെറ പ്രത്യേകതയും വ്യക്തിത്വവും നഷ്ടപ്പെടാതെ നിലനിർത്തുന്ന ശക്തിയായി പ്രവർത്തിക്കുക എന്നതാണ് ട്രസ്ററിൻെറ ലക്ഷ്യം.

(9) ഏതെങ്കിലും ക്ഷേത്രം സംബന്ധിച്ചു കോടതിയിൽ കേസുണ്ടായാൽ അതിൽ കക്ഷി ചേർന്നു ക്ഷേത്രത്തിന്നു വേണ്ടി വാദിക്കാൻ ട്രസ്റ്റിന്നു അവകാശമുണ്ട്. കാരണവർ എപ്പോഴും ആവശ്യകക്ഷി ആകയാൽ കാരണവരോടൊപ്പം ട്രസ്ററും കക്ഷിചേർന്നു കേസ് വാദിക്കേണ്ടതാകുന്നു. ഏതെങ്കിലും ക്ഷേത്രത്തിൻെറ പേരിൽ ആരെങ്കിലും കേസ് കൊടുക്കുമ്പോാ അതിൽ കാരണവരെയും ട്രസ്ററിൻെറ പ്രസിഡണ്ട്, സിക്രട്ടരി ഇവരിൽ ഒരാളെയും കക്ഷിയാക്കിയാൽ മതിയാകും. അതുപോലെ തന്നെ ഏതെങ്കിലും സ്ഥാപനത്തിന്നു വേണ്ടി അങ്ങോട്ടു കേസ് കൊടുക്കേണ്ടി വന്നാൽ കാരണവരും പ്രസിഡണ്ട്, സിക്രട്ടറി ഇവരിൽ ഒരാളും ചേർന്ന് കേസ് കൊടുത്താൽ മതിയാകും. സർക്കാറുമായുള്ള ഇടപാടുകളിലും അന്യരുമായുള്ള ഇടപാടുകളിലും സ്ഥാപനങ്ങളെ പ്രതിനിധീകരിച്ചു പ്രവർത്തിക്കാൻ ട്രസ്ററിൻെറ പ്രസിഡണ്ടിന്നും സിക്രട്ടരിക്കും അധികാരമുണ്ട്.

(10) ഹിന്ദു ധർമ്മ സ്ഥാപന വകുപ്പ്, ദേവസ്വം ബോർഡ് മുതലായി സർക്കാർ സൃഷ്ടിച്ചതൊ സൃഷ്ടിക്കുന്നതൊ ആയ ഡിപ്പാർട്ട്മെൻറുകളോ ബോർഡോ തറവാട്ടു വക ഏതെങ്കിലും സ്ഥാപനം ഏറെറടുക്കാൻ നടപടികാ തുടങ്ങുന്ന പക്ഷം അതിനെ നിയമപരമായി ചെറുക്കുകയും നേരിടുകയും ചെയ്യുക ട്രസ്ററിൻെറ കടമയാണ്. ഏതെങ്കിലും സ്ഥാപനം സർക്കാർ ഏറെറടുക്കാൻ ഇടവരുന്ന സന്ദർഭത്തിൽ തറവാട്ടിലേക്കുള്ള പ്രത്യേക അവകാശങ്ങളും അധികാരങ്ങളും ആനുകൂല്യങ്ങളും വകവെച്ചു കിട്ടാൻ ട്രസ്ററ് ശ്രദ്ധിക്കേണ്ടതാണ്. അങ്ങിനെയുള്ള ആവശ്യങ്ങാക്കു ഏതെങ്കിലും ക്ഷേത്ര ഫണ്ടിൽ നിന്നു ചുവടെ 14-ാം വകുപ്പിൽ പറയുന്ന നിബന്ധനകാക്കനുസരിച്ചു നിയമാനുസൃതമായ രീതിയിൽ പണമെടുക്കാനും ചിലവാക്കാനും ട്രസ്ററിന്നു അധികാരമുണ്ട്.

(11) ക്ഷേത്രങ്ങളിലെ ജീവനക്കാരിൽ പാരമ്പര്യേതര തസ്തികകളിൽ ഒഴിവു വരുമ്പോാ അത്തരം ജോലിക്കു അർഹത

പ്പെട്ടവർ കുടുംബാം[redacted]ളുകയും അവർ ജോലിക്ക അപേക്ഷിക്കുകയും [redacted] അവർക്കു പ്രാഥമ ഗണന നൽകേണ്ടതാകുന്നു. ട്ര[redacted] ഫണ്ടിന്റെ തൽക്കാല സ്ഥിതിക്കനുസരിച്ചു കുടുംബാംഗങ്ങളുടെ അവശതാ നിവാരണത്തിനു ട്രസ്റ്റ് ഫണ്ടിൽനിന്നു ധനസഹായം നൽകാവുന്നതാണ്. ആ മാതിരി ആവശ്യങ്ങൾക്കു ഒരു നിലയിലും ക്ഷേത്രഫണ്ട് ഉപയോഗിക്കാവുന്നതല്ല ട്രസ്റ്റ് സ്വരൂപിക്കുന്ന ഫണ്ട് ക്ഷേത്രഫണ്ടുകളുമായി കൂട്ടിക്കലർത്താൻ പാടുള്ളതല്ല. ക്ഷേത്രജീവനക്കാരെ നിയമിക്കാനും അച്ചടക്ക നടപടികൾ എടുക്കാനും ട്രസ്റ്റിനു അധികാരമുണ്ട്.

(12) അതാതു ക്ഷേത്രം സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ദേശക്കാരെ ക്ഷേത്രകാര്യങ്ങളിൽ സഹകരിക്കാനും സഹായിക്കാനും പ്രോൽസാഹിപ്പിക്കേണ്ടതാകുന്നു അവരുടെ സന്മനസ്സും സഹകരണവും ഉറപ്പു വരുത്തുക ട്രസ്റ്റിന്റെ കടമയാണ്.

(13) സ്ഥാപനങ്ങൾക്കു ആവശ്യമായി വരുന്ന സ്ഥാവര ജംഗമ സ്വത്തുക്കളും ഉപകരണങ്ങളും ട്രസ്റ്റ് സമ്പാദിക്കാൻ ശ്രമിക്കേണ്ടതാണ്.

(14) ട്രസ്റ്റിന്നു പ്രത്യേകമായി ഒരു ട്രസ്റ്റ് ഫണ്ട് ഉണ്ടാക്കാൻ ട്രസ്റ്റിന്നു അധികാരമുണ്ട്. ആ ഫണ്ടു സ്വരൂപിക്കുന്നതിന്നു ക്ഷേത്ര ഫണ്ടുപയോഗിക്കാൻ ട്രസ്റ്റിന്നധികാരമില്ല. ട്രസ്റ്റ് ഫണ്ട് കുടുംബങ്ങളിൽ നിന്നും ബന്ധുക്കളിൽ നിന്നും അന്യസ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന വരിസംഖ്യകളും സംഭാവനകളും കൊണ്ടും ട്രസ്റ്റിന്റെ സ്വയപ്രയത്നം കൊണ്ടും നിർമ്മിക്കേണ്ടതാകുന്നു. ട്രസ്റ്റിന്നു സ്വന്തമായി മററു വരുമാന മാർഗ്ഗങ്ങൾ തേടാവുന്നതാണ്. ക്ഷേത്ര ഫണ്ടുകൾ ക്ഷേത്രകാര്യങ്ങൾക്കല്ലാതെ മററു കാര്യങ്ങൾക്ക വിനിയോഗിക്കാൻ ട്രസ്റ്റിനു അധികാരമില്ല. ഏതെങ്കിലും ക്ഷേത്രത്തിൽ നിന്നു മററു ക്ഷേത്രങ്ങൾക്കുവേണ്ടി പണം എടുക്കേണ്ടി വരുമ്പോൾ ആ ക്ഷേത്ര ഫണ്ടിന്റെ ഇരുപത്തഞ്ചു ശതമാനത്തിൽ കവിഞ്ഞ സംഖ്യ ഒരിക്കലും എടുക്കാൻ പാടുള്ളതല്ല. ക്ഷേത്ര നടത്തിപ്പുകാരുടേയും രക്ഷാധികാരിയുടെയും അറിവോടും സമ്മതത്തോടും കൂടി മാത്രമെ ക്ഷേത്ര ഫണ്ടിൽ നിന്നു പണം എടുക്കാൻ പാടുള്ളൂ. ട്രസ്റ്റ് ആവശ്യപ്പെടുകയും

രക്ഷാധികാരി പാസ്സാക്കുകയും ചെയ്യുന്ന സംഖ്യ ക്ഷേത്ര ഫണ്ടിൽ നിന്നു നൽകേണ്ടതാണ്.

(15) വല്ല കാരണവശാലും ഈ ട്രസ്ററ് നിലവിൽ ഇല്ലാതായാൽ തറവാട്ടിലെ വയസ്സുമൂത്ത പുരുഷൻ മരുമക്കത്തായ നിയമം അനുസരിച്ചുള്ള കൈകാര്യ കർതൃത്വം മുൻ നിർത്തി, ട്രസ്ററിൻെറ എല്ലാ അധികാരങ്ങളും അയാളിൽ നിക്ഷിപ്തമാവുന്നതാണ്

(16) ഭരണസമിതി:-

ഇപ്പോഴത്തെ ഭരണസമിതിയിലെ അംഗങ്ങളുടെ പേർ, മേൽവിലാസം, പ്രവൃത്തി, സമിതിയിലുള്ള സ്ഥാനം എന്നിവയെ സംബന്ധിച്ചു 1860 ലെ സൊസൈററീസ് റജിസ്ട്രേഷൻ ആക്ട് 2-ാം വകുപ്പ് നിർദ്ദേശിക്കുന്നതിന്നനുസരിച്ചുള്ള വസ്തുതകൾ താഴെ പറയുന്നു.

No.	പേരും, മേൽവിലാസവും	പ്രവൃത്തി	സ്ഥാനം	ഒപ്പ്.
1	കെ. ടി. ബാലഗോപാലൻ നമ്പ്യാർ ചിത്രാരി, P.O. പട്ടന്നൂർ.	സ്വസ്ഥം	പ്രസിഡണ്ട്	
2	കെ. ടി. ഗോപീന്ദ്രനാഥ് 'രമ്യശ്രീ' കൊളോളം, പി. ഒ. എടയന്നൂർ.	സ്വസ്ഥം	വൈസ് പ്രസിഡണ്ട്	
3	കെ. ടി. രഘുനാഥ്, കല്ല്യാട്ട് താഴത്തുവീട്, പി. ഒ. കല്ല്യാട്, ഇരിക്കൂർ.	LIC ഏജൻറ്.	സിക്രട്ടറി.	
4	കെ. ടി. ചന്ദ്രമോഹൻ, 'ശ്രീ ശൈലം' വടക്കുമ്പാട്, തലശ്ശേരി-9.	സ്വസ്ഥം	ജോയിൻറ് സിക്രട്ടറി.	
5	കെ. ടി ഹരിശ്ചന്ദ്രൻ നമ്പ്യാർ 'പത്മാലയം' കോവൂർ, പട്ടാന്നൂർ-670595.	സ്വസ്ഥം	ട്രഷറർ	

No.	പേരും, മേൽവിലാസവും	പ്രവൃത്തി	സ്ഥാനം	ഒപ്പ്
6	കെ. ടി. വേണുഗോപാലൻ നമ്പ്യാർ 'ശ്രീ നിലയം' P. O. കല്ല്യാട്, ഇരിക്കൂർ.	സ്വസ്ഥം	മെമ്പർ	
7	കെ. ടി. രാഘവൻ നമ്പ്യാർ 'ഗോകുലം' പി. ഒ ചിററാരിപ്പറമ്പ് (വഴി) കൂത്തുപറമ്പ്.	സ്വസ്ഥം	മെമ്പർ	
8	കെ. ടി. മോഹനൻ നമ്പ്യാർ 'ലക്ഷ്മീപുരം' കയിലൂർ, P. O. പടിയൂർ.	ക്ഷേത്രം സൂപ്പർ വൈസർ	മെമ്പർ	
9	കെ. ടി. സുധാകരൻ 'നിശാന്ത്' കൂടാളി. P. O.	സ്വസ്ഥം	മെമ്പർ	
10	കെ. ടി വിജയകുമാർ 'നിർമ്മാല്യം' ഗാന്ധി റോഡ്, മട്ടന്നൂർ.	ബാങ്ക് ഓഫീസർ	മെമ്പർ	
11	കെ. ടി. ജയപ്രകാശ് 'ഗുരുകൃപ' S. N. കോളനി, തോട്ടട കണ്ണൂർ.	ബിസി നസ്സ്	മെമ്പർ	
12	കെ. ടി. സുകുമാരൻ, അമ്പലാഡി മഠം പി. ഒ. പൂവാലൻ കൈ നീലേശ്വരം.	ബിസി നസ്സ്	മെമ്പർ	
13	P. V. പത്മനാഭൻ നമ്പ്യാർ Post Master Rtd. പെരുവംപറമ്പ, പടിയൂർ.	സ്വസ്ഥം	മെമ്പർ	
14	എ. കെ. രാജഗോപാലൻ നമ്പ്യാർ 'ശ്രേയസ്സ്' കല്ല്യാട്. പി. ഒ.	ജനറൽ മാനേജർ	മെമ്പർ	
15	P. K. സുകുമാരൻ നമ്പ്യാർ 'പ്രേമാലയം' പി. ഒ. കല്ല്യാട്.	സ്വസ്ഥം	മെമ്പർ	

III

നിയമാവലി

1. ട്രസ്റ്റിൻെറ പേര്:-

“കല്ല്യാട്ട് താഴത്തുവീട് ക്ഷേത്ര സമുച്ചയ ട്രസ്ററ്” എന്നായിരിക്കും.

2. ട്രസ്റ്റിൻെറ മേൽവിലാസം:-

കല്ല്യാട്ട് താഴത്തുവീട് ക്ഷേത്ര സാമുച്ചയ ട്രസ്ററ്
ശ്രീ മാമാനിക്കുന്ന് മഹാദേവീ ക്ഷേത്രം,
മാമാനിക്കുന്ന്, പി. ഒ. പെരുവളത്തു പറമ്പ്,
ഇരിക്കൂർ – 670593.

3 ട്രസ്ററിൻെറ റജിസ്റ്റേർഡ് ഓഫീസ്:-

ടി. ടി. ടി.

4. ട്രസ്ററിൻെറ അധികാര പരിധി:-

കല്ല്യാട്ട് താഴത്തു വീടുവക എല്ലാ ക്ഷേത്രങ്ങളും ദേവസ്ഥാനങ്ങളും പൂജാ സ്ഥാനങ്ങളും, ദേവകാര്യങ്ങളും.

5 ട്രസ്ററിൻെറ ലക്ഷ്യവും ഉദ്ദേശവും:-

മേൽ II ഖണ്ഡത്തിൽ വിവരിച്ചിട്ടുണ്ട്.

6. ട്രസ്ററിലെ അംഗത്വം:-

(a) (i) പതിനെട്ടു വയസ്സു കഴിഞ്ഞവരും നിശ്ചിത വരിസംഖ്യ അടക്കാൻ ഒരുക്കമുള്ളവരും ഈ നിയമാവലിയനുസരിച്ചു നടക്കാൻ ഒരുക്കമുള്ളവരും ആയ കല്ല്യാട്ട് താഴത്തു വീട് തറവാട്ടിലെ എല്ലാ മെമ്പർമാർക്കും ഈ ട്രസ്ററിൽ അംഗത്വത്തിനു അർഹതയുണ്ട്.

(ii) തറവാട്ടിലെ എല്ലാ മെമ്പർമാരുടേയും ഭാര്യമാർക്കും ഭർത്താക്കന്മാർക്കും പുരുഷന്മാരുടെ സന്തതികൾക്കും അവരുടെ ഭാര്യമാർക്കും ഭർത്താക്കന്മാർക്കുംമേൽ (i) എന്ന ഖണ്ഡികയിൽ പറഞ്ഞ നിബന്ധനകൾക്കനുസരിച്ചു ട്രസ്ററിലെ അസോസിയേററ് മെമ്പർമാരാകാൻ അർഹതയുണ്ട്.

(b) വിവിധതരം അംഗങ്ങൾ – ട്രസ്റ്റിൽ

ആറുതരം അംഗങ്ങളാം ഉണ്ടായിരിക്കും. അതു താഴെപറയും പ്രകാരമാണ്.

(i) സാധാരണ മെമ്പർ.–

100 രൂപ പ്രവേശന ഫീസും 100 രൂപ വാർഷിക വരി സംഖ്യയും അടക്കുന്നവർ സാധാരണ മെമ്പർമാർ.

(ii) ആജീവനാന്ത മെമ്പർ:–

100 രൂപ പ്രവേശന ഫീസും ട്രസ്റ്റ് ഫണ്ടിലേക്കും 2000 രൂപ സംഭാവനയും നൽകുന്നവർ ആജീവനാന്തമെമ്പർമാർ

(iii) ഡോണർ മെമ്പർമാർ:–

100 രൂപ പ്രവേശന ഫീസും 3000 രൂപയോ കൂടുതലോ സംഭാവനയും നൽകുന്നവർ ഡോണർമെമ്പർമാർ.

(iv) അസ്സോസിയേറ്റ് സാധാരണ മെമ്പർ:–

മേൽ 2 (a) (ii) വകുപ്പുപ്രകാരം അംഗത്വത്തിന്നു അർഹതയുള്ള 100 രൂപ പ്രവേശന ഫീസും 100 രൂപ വാർഷിക വരിസംഖ്യയും അടക്കുന്നവർ അസ്സോസിയേറ്റ് സാധാരണ മെമ്പർമാർ.

(v) അസ്സോസിയേറ്റ് ആജീവനാന്ത മെമ്പർ:–

മേൽ 2 (a) (ii) വകുപ്പ് പ്രകാരം മെമ്പർഷിപ്പിന്നു അർഹതയുള്ള 100 രൂപ പ്രവേശന ഫീസും ട്രസ്റ്റ് ഫണ്ടിലേക്കു 2000 രൂപ സംഭാവനയും നൽകുന്നവർ അസ്സോസിയേറ്റ് ആജീവനാന്ത മെമ്പർമാർ.

(vi) അസ്സോസിയേറ്റ് ഡോണർ മെമ്പർ:–

മേൽ 2 (a) (ii) വകുപ്പു പ്രകാരം മെമ്പർഷിപ്പിന്നു അർഹതയുള്ള, 100 രൂപ പ്രവേശന ഫീസും ട്രസ്റ്റ് ഫണ്ടിലേക്കു 3000 രൂപയോ കൂടുതലോ സംഭാവനയും നൽകുന്നവർ അസ്സോസിയേറ്റ് ഡോണർ മെമ്പർമാർ.

(c) മെമ്പർമാരുടെ അധികാരങ്ങളും അവകാശങ്ങളും:-

ദേവ കാര്യാർത്ഥമായുള്ള ട്രസ്റ്റ് ആകയാൽ ട്രസ്റ്റിലെ മെമ്പർമാർക്കു എന്തെങ്കിലും ആദായ വിഹിതത്തിനോ പലിശക്കോ അവകാശമുണ്ടായിരിക്കയില്ല. ട്രസ്റ്റ് വകയായി നടത്തപ്പെടുന്ന എല്ലാ മീററിങ്ങുകൾക്കും അവർക്കു ക്ഷണ പത്രവും അറിയിപ്പുകളും ലഭിക്കും. ട്രസ്റ്റിന്റെ ജനറൽ ബോഡി യോഗങ്ങളിൽ പങ്കെടുക്കാനും അധികാര സ്ഥാനങ്ങളിലേക്കു തിരഞ്ഞെടുക്കപ്പെടാനും എല്ലാ സാധാരണ മെമ്പർമാർക്കും ആജീവനാന്ത മെമ്പർമാർക്കും ഡോണർ മെമ്പർമാർക്കും അവകാശമുണ്ട്. അസ്സോസിയേററ് മെമ്പർമാർക്കു (ഏതിനത്തിൽ പെട്ടതായാലും) ഭരണ സമിതിയിലേക്കു നോമിനേററ് ചെയ്യപ്പെടാൻ അർഹതയുണ്ട്.

(d) മെമ്പർഷിപ്പ് അവസാനിക്കൽ:-

6 മാസം കഴിഞ്ഞിട്ടും വാർഷിക വരിസംഖ്യ അടക്കാതെ വീഴ്ച വരുത്തിയ മെമ്പർക്ക് ആ കാരണത്താൽത്തന്നെ സ്വയം അംഗത്വം നഷ്ടപ്പെടുന്നതാണ്. അതിന്നു മറെറന്തെങ്കിലും നോട്ടീസ്സോ, കല്പനയോ ആവശ്യമില്ല. വീണ്ടും മെമ്പർഷിപ്പിനു അപേക്ഷിക്കാൻ അയാൾക്കു അവകാശമുണ്ട്. ഒരിക്കൽ മെമ്പർഷിപ്പ് നഷ്ടപ്പെട്ട ആളെ വിണ്ടും മെമ്പറായി എടുക്കുന്നതിനു തടസ്സമില്ല.

7 ജനറൽബോഡി:-

(a) സാധാരണ മെമ്പർമാരും ആജീവാനാന്തര മെമ്പർമാരും ഡോണർ മെമ്പർമാരും ചേർന്നതാണ് ജനറൽ ബോഡി. അസ്സോസിയേററു മെമ്പർമാർക്കു ജനറൽ ബോഡി യോഗത്തിൽ പങ്കെടുക്കുവാൻ അവകാശമുണ്ടെങ്കിലും അവർക്കു വോട്ടവകാശമുണ്ടായിരിക്കയില്ല.

ട്രസ്റ്റിന്റെ കാര്യനിർവ്വഹണത്തിൽ പരമോന്നതമായ അധികാര സ്ഥാനം ജനറൽബോഡിയാണ്. സാധാരണ അംഗങ്ങൾക്കും ആജീവനാന്ത അംഗങ്ങൾക്കും ഡോണർ അംഗങ്ങൾക്കും പ്രത്യേകം പ്രത്യേകമായി മൂന്നു രജിസ്റ്ററുകൾ ഉണ്ടായിരിക്കും. അതുപോലെ അസ്സോസിയേററ് സാധാരണ-ആജീവനാന്ത-ഡോണർമെമ്പർമാർക്കും പ്രത്യേകം പ്രത്യേകമായി മൂന്നു രജിസ്റ്ററുകൾ ഉണ്ടായിരിക്കും.

(b) ജനറൽബോഡിയുടെ സാധാരണ യോഗങ്ങൾ:-

എല്ലാ കൊല്ലവും ഡിസംബർ 31നു മുമ്പു ട്രസ്ററിൻെറ ഒരു ജനറൽബോഡി യോഗം ചേരേണ്ടതാകുന്നു ആ യോഗത്തിൽ താഴെപ്പറയുന്ന കാര്യങ്ങളിൽ തീർപ്പു എടുക്കേണ്ടതാകുന്നു.

(i) കഴിഞ്ഞ ജനറൽബോഡി യോഗത്തിൻെറ മിനുട്ട്സ് സ്ഥിരപ്പെടുത്തൽ.

(ii) കഴിഞ്ഞ വർഷത്തെ ട്രസ്ററിൻെറ പ്രവർത്തനത്തെക്കുറിച്ചുള്ള റിപ്പോർട്ടും ഓഡിററ് റിപ്പോർട്ടും ചർച്ച ചെയ്തു അംഗീകരിക്കൽ.

(iii) വരും കൊല്ലത്തേക്കുള്ള ബഡ്ജററ് അംഗീകരിക്കൽ.

(iv) പുതിയ ഭരണ സമിതിയെ തിരഞ്ഞെടുക്കേണ്ട കാലാവധിയായെങ്കിൽ, ഭരണ സമിതിയെ തിരഞ്ഞെടുക്കൽ. (ഭരണ സമിതിയുടെ കാലാവധി മൂന്നു വർഷമാണ്.)

(v) ഓഡിററർമാരെ നിശ്ചയിക്കൽ.

(vi) നോട്ടീസ്സ് ലഭിച്ചതും അജണ്ടയിൽ ഉൾപ്പെടുത്തിയതുമായ വേറെ എന്തെങ്കിലും കാര്യങ്ങൾ ഉണ്ടെങ്കിൽ, അതിനെപ്പററിയുള്ള ചർച്ച, ചെയർമാൻ അനുവദിക്കുകയാണെങ്കിൽ, മററു വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകൾ.

(c) ജനറൽബോഡിയുടെ സ്പെഷ്യൽ മീററിങ്ങ്:-

ഭരണ സമിതിയുടെ നിർദ്ദേശ പ്രകാരമൊ, അല്ലെങ്കിൽ ട്രസ്റ്റിൻെറ ആകെ മെമ്പർമാരിൽ 1/3 ഭാഗം മെമ്പർമാരെങ്കിലും എഴുതി അപേക്ഷിച്ചാലോ, ജനറൽ ബോഡിയുടെ സ്പെഷ്യൽ യോഗം ചേരാവുന്നതാണ് 1/3 ഭാഗം മെമ്പർമാർ ഒപ്പിട്ടു അയക്കുന്ന അപേക്ഷ കൈപ്പററിയാൽ മുപ്പതു ദിവസത്തിനുള്ളിൽ സിക്രട്ടറി സ്പെഷ്യൽ മീററിങ്ങ് വിളിച്ചുകൂട്ടേണ്ടതാകുന്നു. അങ്ങിനെയുള്ള മീററിങ്ങിനു പത്തു ദിവസത്തെ നോട്ടീസ്സ് മതിയാകും. ബാക്കി യോഗ നടപടികൾ സാധാരണ ജനറൽബോഡിപോലെ ആയിരിക്കണം.

(d) ജനറൽബോഡി മീററിങ്ങിൻെറ നടപടി ക്രമങ്ങൾ.

(i) മീററിങ്ങു തീയതിക്കു ഇരുപത്തിയൊന്നു ദിവസം മുമ്പു തന്നെ എല്ലാ മെമ്പർമാർക്കും അതിൻെറ നോട്ടീസ്സ് ലഭിച്ചിരിക്കണം.

(ii) മീററിങ്ങിൻെറ കോറം 25 മെമ്പർമാരൊ ആകെ ട്രസ്ററ് മെമ്പർമാരുടെ 1/3 ഭാഗമോ ഏതാണ് കുറവു എന്നു വെച്ചാൽ അത്ര മെമ്പർമാർ ആകുന്നു.

(iii) പ്രസിഡണ്ടൊ പ്രസിഡണ്ട് സന്നിഹിതനല്ലെങ്കിൽ വൈസ് പ്രസിഡണ്ടൊ മീററിങ്ങിൽ അദ്ധ്യക്ഷത വഹിക്കണം രണ്ടു പേരും സന്നിഹിതരല്ലെങ്കിൽ ഭരണ സമിതിയിൽ അംഗമല്ലാത്ത മററേതെങ്കിലും മെമ്പറെ യോഗത്തിൽ അദ്ധ്യക്ഷനാക്കാം.

(iv) യോഗത്തിൽ ഉന്നയിക്കപ്പെടുന്ന കാര്യങ്ങൾ സന്നിഹിതരായ മെമ്പർമാരുടെ ഭൂരിപക്ഷാഭിപ്രായമനുസരിച്ചു തീരുമാനിക്കപ്പെടും. പ്രസിഡണ്ടിന്നു (ആദ്ധ്യക്ഷ്യം വഹിക്കുന്നാൾക്ക്) കാസ്ററിങ്ങ് വോട്ടവകാശമുണ്ട്.

(v) മീററിങ്ങിൽ അവതരിപ്പിക്കാൻ പോകുന്ന പ്രമേയത്തിൻെറ അവതാരകനും സെക്കൻെറ് ചെയ്യുന്നാളും ഒപ്പിട്ട നോട്ടീസ്സ് മീററിങ്ങിന്നു അഞ്ചുദിവസം മുമ്പെങ്കിലും സിക്രട്ടരിക്കു ലഭിച്ചിരിക്കണം.

(vi) കോറം ഇല്ലാതെ വന്നാൽ യോഗം നിർത്തി വെച്ചു രണ്ടു മാസത്തിനകം വീണ്ടും ചേരേണ്ടതാകുന്നു. മൂന്നാമത്തെ അവസരത്തിന്നു കോറം ആവശ്യമില്ല.

8 മാനേജ്മെൻെറ്:-

(a) ട്രസ്ററിൻെറ മാനേജ്മെൻെറ് ഭരണ സമിതിക്കാണ്. ഭരണ സമിതിയിൽ താഴെ പറയുന്ന ഭാരവാഹികൾ ഉണ്ടായിരിക്കും.

1. പ്രസിഡണ്ട്
2. വൈസ് പ്രസിഡണ്ട്
3. സിക്രട്ടരി
4. ജോയിൻറ് സിക്രട്ടറി
5. ട്രഷറർ
6. ഇൻേറണൽ ഓഡിററർ
7. മെമ്പർമാർ-ഏഴ്
8. നോമിനേററഡ് മെമ്പർമാർ-രണ്ട്.

മേൽ പറഞ്ഞവരിൽ ഇന്റേണൽ ഓഡിററും നോമിനേററഡ് മെമ്പർമാരും ഒഴികെ ബാക്കിയുള്ളവരെല്ലാം ജനറൽ ബോഡി യോഗത്തിൽ വെച്ചു തിരഞ്ഞെടുക്കപ്പെട്ടവരായിരിക്കും. രണ്ടു നോമിനേററഡ് മെമ്പർമാർ ട്രസ്ററിലെ അസ്സോസിയേററ് മെമ്പർമാരിൽ നിന്നു ട്രസ്ററിലെ മററു മെമ്പർമാരാൽ നിയോഗിക്കപ്പെട്ടവർ ആയിരിക്കണം. ഇന്റേണൽ ഓഡിററർ ഭരണ സമിതിയിലെ ബാക്കി അംഗങ്ങൾ നോമിനേററു ചെയ്യുന്ന ആളായിരിക്കും.

(b) **രക്ഷാധികാരി:-**

തറവാട്ടിലെ വയസ്സുമൂത്ത പുരുഷൻ (കാരണവർ) ട്രസ്റ്റിന്റെ രക്ഷാധികാരി ആയിരിക്കും. കാരണവർ ഭരണ സമിതിയിൽ അംഗമാകാൻ പാടുള്ളതല്ല. ഭരണ സമിതിയംഗം കാരണവ സ്ഥാനത്തെത്തിയാൽ അതോടുകൂടി ഭരണ സമിതിയംഗത്വം നഷ്ടപ്പെടുന്നതാണ്. ട്രസ്ററിന്റെ എല്ലാ കാര്യങ്ങളെയും നടപടികളെയും തീരുമാനങ്ങളെയും കുറിച്ചു ഭരണ സമിതി അതാതവസരം രക്ഷാധികാരിയെ അറിയിക്കേണ്ടതാണ്. എല്ലാ പ്രധാന കാര്യങ്ങളിലും രക്ഷാധികാരിയുടെ അഭിപ്രായം ആരായേണ്ടതാണ്. ഭരണ സമിതിയുടെ യോഗങ്ങളിൽ സന്നിഹിതനാവാൻ രക്ഷാധികാരിക്കു അവകാശമുണ്ട്. എല്ലാ യോഗങ്ങളുടേയും നോട്ടീസ്സ് രക്ഷാധികാരിക്കും നൽകേണ്ടതാകുന്നു. ഭരണ സമിതിയുടെ ഏതെങ്കിലും തീർപ്പിനോടു രക്ഷാധികാരിക്കു വിയോജിപ്പുണ്ടെങ്കിൽ ആ കാര്യത്തിൽ പുനരാലോചന ചെയ്യാൻ രക്ഷാധികാരിക്കു ഭരണ സമിതിയോടു നിർദ്ദേശിക്കാവുന്നതാണ്. പുനരാലോചന ചെയ്തിട്ടും രക്ഷാധികാരിക്കു തൃപ്തികരമായ തീരുമാനത്തിലെത്താൻ ഭരണ സമിതിക്കു കഴിയാതെ വന്നാൽ ആ കാര്യം ജനറൽ ബോഡിക്കു റഫർ ചെയ്യാവുന്നതും ജനറൽ ബോഡിയുടെ തീരുമാനം എല്ലാവർക്കും ബാധകവും എല്ലാവരും അംഗീകരിക്കേണ്ടതുമാകുന്നു. അച്ചടക്ക നടപടികളിൽ അപ്പീലുകൾ കേട്ടു തീർപ്പു കല്പിക്കേണ്ടതു രക്ഷാധികാരിയാണ്.

(c) **ഭരണസമിതി:-**

(i) ഭരണസമിതിയുടെ പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സിക്രട്ടറി, ജോയിന്റ് സിക്രട്ടറി, ട്രഷർ, ഏഴു മെമ്പർമാർ എന്നിവരെ ജനറൽ ബോഡിയോഗത്തിൽ വെച്ച് തിരഞ്ഞെ

ടുക്കേണ്ടതാകുന്നു. ജനറൽ ബോഡിയോഗത്തിന്നു ചുരുങ്ങിയതു ഏഴുദിവസം മുമ്പെങ്കിലും ഭരണസമിതി നിശ്ചയിക്കുന്ന റിട്ടേണിങ്ങ് ഓഫീസർക്കു നോമിനേഷൻ പത്രങ്ങൾ ലഭിച്ചിരിക്കണം. ക്രമപ്രകാരം പ്രപ്പോസ് ചെയ്തതും സെക്കൻറ് ചെയ്തതും ഒപ്പിട്ടതുമായ നോമിനേഷൻ പത്രങ്ങളായിരിക്കണം നൽകേണ്ടത്. ട്രസ്ററിലെ എല്ലാ മെമ്പർമാരുടേയും കൂടിയുള്ള പൂർണ്ണമായൊരു ലിസ്ററ് റിട്ടേണിങ്ങ് ഓഫീസർക്ക് സിക്രട്ടറി നൽകേണ്ടതാകുന്നു. ജനറൽബോഡിയോഗത്തെയും ഇലക്ഷനേയും സംബന്ധിച്ചുള്ള നോട്ടീസ്സ് അതിനുശേഷം മാത്രമേ മെമ്പർമാർക്ക് അയക്കാൻപാടുള്ളു.

(ii) തറവാട്ടിലെ അംഗങ്ങളായവർക്കും ജനറൽബോഡി യോഗത്തിന്ന ആറുമാസം മുമ്പു തന്നെ ട്രസ്ററിൽ മെമ്പർമാരായി തുടരുന്നവർക്കും മാത്രമെ ഭരണ സമിതിലേക്കു മത്സരിക്കാനും തിരഞ്ഞെടുക്കപ്പെടാനും അർഹതയുള്ളൂ.

(iii) തിരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയംഗങ്ങൾ ഒരു ഇൻടേണൽ ഓഡിററേയും അസ്സോസിയേററ് അംഗങ്ങളിൽ നിന്നു രണ്ടു മെമ്പർമാരെയും ഭരണ സമിതിയിലേക്കു നോമിനേററ് ചെയ്യണം. അങ്ങിനെ നോമിനേററ് ചെയ്യപ്പെടുന്ന മെമ്പർമാർക്കു തിരഞ്ഞെടുക്കപ്പെടുന്ന മെമ്പർമാർക്കുള്ള മാതിരി തന്നെ എല്ലാ അവകാശങ്ങളും ഉണ്ടായിരിക്കും. അവരുടെ കാലാവധി ഭരണ സമിതിയുടെ കാലാവധിയോടൊപ്പം അവസാനിക്കും.

(iv) ഭരണ സമിതിയുടെ കാലവധി മൂന്നുകൊല്ലമാകുന്നു.

(v) കാലാവധിക്കുള്ളിൽ ഏതെങ്കിലും അംഗത്തിൻെറ സ്ഥാനം ഒഴിവു വന്നാൽ അതു നികത്താൻ ഭരണ സമിതിക്കു അധികാരമുണ്ട്. ഭരണ സമിതിയംഗങ്ങൾക്ക മതിയായ നോട്ടീസ്സ് നൽകി ഭരണ സമിതി യോഗം ചേർന്നു അർഹതപ്പെട്ട ഒരു ട്രസ്ററംഗത്തെ നോമിനേററ് ചെയ്തു ഒഴിവു നികത്താവുന്നതാണ്.

(d) ഭരണ സമിതിയുടെ അധികാരങ്ങളും പ്രവർത്തന രീതിയും:-

നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസരിച്ചു

പ്രവർത്തിക്കാൻ ഭരണ സമിതിക്കു പൂർണ്ണാധികാരമുണ്ട്. താഴെപ്പറയുന്ന കാര്യങ്ങൾ നടത്താൻ ഭരണ സമിതിക്കു അധികാരമുണ്ട്.

(i) ട്രസ്റ്റിന്റെ ലക്ഷ്യങ്ങളും ഉദ്ദേശങ്ങളും നിറവേററാൻ വേണ്ട എല്ലാ നടപടികളും കൈക്കൊള്ളുക.

(ii) ട്രസ്ററിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളുടെ ചിലവുകൾ നിയന്ത്രിക്കുക.

(iii) ട്രസ്ററിന്റെ വരവിന്റെ 20 ശതമാനം റിസർവ് ഫണ്ടായി നിലനിർത്തുക. (ട്രസ്റ്റിന്റെ ആവശ്യത്തിന്ന ഭൂമി, കെട്ടിടം, വീട്ടുപകരണങ്ങൾ, ഫർണിച്ചർ, ആപ്പീസ് സാധനങ്ങൾ മുതലായവയ്ക്കു വേണ്ടിയാണ് റിസർവ് ഫണ്ട് ഉണ്ടാക്കുന്നത്.)

(iv) തക്കതായ കാരണങ്ങൾ ഇല്ലാതെ ഭരണ സമിതിയുടെ മൂന്നു യോഗങ്ങളിൽ തുടർച്ചയായി ഹാജരാവാത്ത മെമ്പറെ ഭരണ സമിതിയിൽ നിന്നു പുറത്താക്കാൻ ഭരണ സമിതിക്കു അധികാരമുണ്ട്. തുടർച്ചയായി ആറുമാസത്തിലധികം കാലം വരിസംഖ്യ അടക്കുന്നതിൽ വീഴ്ച വരുത്തിയ മെമ്പറെ ട്രസ്ററിൽ നിന്നു പുറത്താക്കാൻ ഭരണ സമിതിക്കു അധികാരമുണ്ട്.

(v) പ്രത്യേകകാര്യങ്ങൾക്കു സബ് കമ്മിററിയെ നിയമിക്കാൻ ഭരണ സമിതിക്കു അധികാരമുണ്ട്

(e) ഭരണ സമിതി യോഗങ്ങൾ:-

ആവശ്യമുള്ളപ്പോഴെല്ലാം ഭരണ സമിതിക്കു യോഗം ചേരാം. രണ്ടു മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരണമെന്നതു നിർബന്ധമാണ്, ഏതെങ്കിലും പ്രത്യേക കാര്യം ചർച്ച ചെയ്യാനൊ തീരുമാനിക്കാനൊ സമിതിയംഗങ്ങളിൽ ചുരുങ്ങിയതു ഏഴുപേരെങ്കിലും എഴുതി അപേക്ഷിക്കുന്ന പക്ഷം ഭരണ സമിതി യോഗം ചേരേണ്ടതാകുന്നു. യോഗങ്ങളിൽ അനുവർത്തിക്കേണ്ട നടപടിക്രമം താഴെപ്പറയുന്നു.

(i) ഭരണസമിതി യോഗത്തിന്റെ കോറം 7 ആകുന്നു. കോറമില്ലാത്തതുകൊണ്ട് രണ്ടുതവണ തുടർച്ചയായി യോഗം മാററി

വെക്കേണ്ടിവന്നാൽ മൂന്നാമത്തെ തവണ ചേരുന്ന യോഗത്തിനു കോറം ആവശ്യമില്ല.

(ii) മീററിങ്ങിനു മുമ്പു ചുരുങ്ങിയതു മൂന്നു ദിവസത്തെ നോട്ടീസ്സ് മെമ്പർമാർക്കു നൽകേണ്ടതാകുന്നു. അടിയന്തരമായി യോഗം ചേരേണ്ടി വന്നാൽ മൂന്നു ദിവസത്തിലും ചുരുങ്ങിയ നോട്ടീസ്സ് നൽകാവുന്നതാണ്. മതിയായ നോട്ടീസ്സ് നൽകാതെ യോഗം ചേരാൻ പാടില്ല.

(iii) പ്രസിഡണ്ടോ പ്രസിഡണ്ടിൻെറ അഭാവത്തിൽ വൈസ് പ്രസിഡണ്ടോ ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്. പ്രസിഡണ്ടും വൈസ് പ്രസിഡണ്ടും സന്നിഹിതരാകാതെവന്നാൽ അധികാരസ്ഥാനങ്ങളൊന്നും വഹിക്കാത്ത ഒരു മെമ്പറെ അദ്ധ്യക്ഷനാക്കി യോഗം ചേരാവുന്നതാണ്.

9. ട്രസ്റ്റ് ഫണ്ട്:–

(i) ട്രസ്ററ് ഫണ്ട് സ്വരൂപിക്കാനുള്ള പ്രഭവ സ്ഥാനങ്ങൾ താഴെ പറയുന്നു.

(a) ട്രസ്ററ് ഉടമയായുള്ള ഇളകുന്നതും ഇളകാത്തതുമായ സ്വത്തുക്കൾ.

(b) വരിസംഖ്യകളും സംഭാവനകളും.

(c) ട്രസ്ററിന്നു ലഭിക്കുന്ന ഗ്രാൻറുകൾ, സഹായ ധനങ്ങൾ, സംഭാവനകൾ മുതലായവ.

(d) ബാങ്കു ഡിപ്പോസിററുകളും മുതൽ മുടക്കുകളും.

(ii) ട്രസ്ററിൻെറ ഫണ്ടുകൾ ഭരണ സമിതി അംഗീകരിച്ചിട്ടുള്ള ബാങ്കുകളിൽ നിക്ഷേപിക്കേണ്ടതാകുന്നു ട്രഷറ/റും സിക്രട്ടറിയും ചേർന്നു ഒപ്പിട്ടു ചെക്കുകൾ പ്രകാരം ട്രസ്ററ് ഫണ്ടിൽ നിന്നു പണം പിൻവലിക്കാവുന്നതാണ്.

(iii) ട്രസ്ററ് ഫണ്ടിൽ നിന്നു ആയിരം രൂപയിൽ കവിഞ്ഞ സംഖ്യ ചിലവു ചെയ്യേണ്ടി വരുന്ന ഘട്ടങ്ങളിൽ ഭരണ സമിതിയുടെ നിർദ്ദേശങ്ങൾക്കു അനുസരിച്ചു മാത്രമെ ചിലവു ചെയ്യാൻ പാടുള്ളൂ. കയ്യിരിപ്പു സംഖ്യ ഒരിക്കലും 1000

രൂപയിൽ കവിയാൻ പാടില്ല. ട്രഷറർ മൂന്നു മാസത്തിൽ ഒരിക്കൽ ഭരണ സമിതിക്കു കണക്കു ബോധിപ്പിക്കേണ്ടതാണ്. അതിലിടയ്ക്കു ആ കണക്കു ഇൻേറണൽ ഓഡിററർ ഓഡിററു ചെയ്തിരിക്കണം.

(iv) മേൽ 8 (d)യിൽ പറഞ്ഞ അധികാരങ്ങൾക്കു കുറവു വരാത്തവിധത്തിലും നടപ്പുള്ള ചട്ടങ്ങൾക്കു വിധേയമായും സർക്കാർ അംഗീകരിച്ച സെക്യൂരിററികളിൽ പണം നിക്ഷേപിക്കാനും യുക്തമെന്നു തോന്നുന്ന രീതിയിൽ ഫണ്ടു കൈകാര്യം ചെയ്യാനും അതാതവസരം സെക്യൂരിററികളും നിക്ഷേപങ്ങളും മാററി നിക്ഷേപിക്കുകയോ തുടർന്നു നിക്ഷേപിക്കുകയോ തിരികെ വാങ്ങുകയോ ചെയ്യാനും ഭരണസമിതിക്കു അധികാരമുണ്ട്.

(v) ട്രസ്ററിൻെറ ആസ്തി 10 ലക്ഷം രൂപയിൽ കവിഞ്ഞാൽ ഒരു ചാർട്ടേർഡ് അക്കൗണ്ടിനെകൊണ്ടു ട്രസ്ററിൻെറ കണക്കുകൾ എല്ലാ കൊല്ലവും ഓഡിററു ചെയ്യിക്കേണ്ടതാകുന്നു.

(vi) ട്രസ്ററിൻെറ സാമ്പത്തിക വർഷം ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയാകുന്നു.

10 നിയമാവലികളുടേയും ചട്ടങ്ങളുടേയും വ്യാഖ്യാനം:-

ക്ഷേത്രങ്ങളുടെ സുഗമമായ നടത്തിപ്പിനു ആവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കാൻ ഭരണ സമിതിക്കു അധികാരമുണ്ട്. നിയമാവലികളെയും ചട്ടങ്ങളെയും വ്യാഖ്യാനിക്കുന്നതിൽ സമിതി എടുക്കുന്ന തീരുമാനങ്ങൾ അന്തിമമായിരിക്കും

11 ഭേദഗതികൾ:-

നിയമാവലിയും ചട്ടങ്ങളും മെമ്മോറാണ്ടം ഓഫ് അസോസിയേഷനും ഭേദഗതി ചെയ്യാൻ ജനറൽബോഡിക്കു അധികാരമുണ്ട്. അതിനു വേണ്ടി ജനറൽബോഡി പ്രത്യേകം യോഗം ചേരേണ്ടതും ആ യോഗത്തിൽ ഹാജരായ മെമ്പർമാരിൽ 2/3 ഭാഗത്തിൻെറ സമ്മതത്തോടുകൂടി ഭേദഗതി വരുത്താവുന്നതുമാണ്. ആ മീററിങ്ങിന്ന് 1/3 മെമ്പർമാരുടെ കോറം മതിയാകും.

12 രാജി വെക്കൽ:-

ഭരണ സമിതിയിലെ ഭാരവാഹികളും മെമ്പർമാരും അവരുടെ രാജിപത്രം സിക്രട്ടറിക്കു നൽകിയാൽ മതി. സിക്രട്ടറി അതു ഭരണസമിതി മുമ്പാകെ വെച്ചു സമിതിയുടെ തീരുമാനത്തിനു വിടേണ്ടതാണ്. സിക്രട്ടറിക്കു രാജിവെക്കണമെങ്കിൽ രാജി പത്രം പ്രസിഡണ്ടിനു സമർപ്പിക്കാം. പ്രസിഡണ്ട് അതു സമിതിമുമ്പാകെ വെച്ചു സമിതിയുടെ തീർപ്പിനു വിടേണ്ടതാകുന്നു.

13 സ്വയം പിരിച്ചുവിടൽ:-

ട്രസ്ററ് പിരിച്ചുവിടുകയോ അവസാനിപ്പിക്കുകയോ ചെയ്യേണ്ടി വരുമ്പോൾ, എന്തെല്ലാം കാരണങ്ങൾ കൊണ്ടായാലും, അതു 1860-ലെ സൊസൈററി റജിസ്ട്രേഷൻ ആക്ട് 13-ാം 14-ാം വകുപ്പുകൾക്കു അനുസരിച്ചു ആയിരിക്കണം. ആ നടപടി ക്രമങ്ങൾക്കനുസരിച്ചു ട്രസ്ററിൻെറ ബാദ്ധ്യതകളും കടങ്ങളും നിറവേററിയ ശേഷം ഉണ്ടാകുന്ന ബാക്കി ആസ്തികൾ ഇതേ ഉദ്ദേശത്തോടെ പ്രവർത്തിക്കുന്ന വേറൊരു സൊസൈററിക്കോ അല്ലെങ്കിൽ സർക്കാറിന്നോ കൈ മാറേതാകുന്നു.

കല്ല്യാട് താഴത്തുവീട് ക്ഷേത്രസമുച്ചയ ട്രസ്ററിൻെറ ഭരണഘടനയുടേയും നിയമാവലികളുടേയും ചട്ടങ്ങളുടേയും ഒരു ശരിയായ പകർപ്പാണിത് എന്നു സാക്ഷ്യപ്പെടുത്തി ഇതിൽ ഒപ്പിട്ടു

പ്രസിഡണ്ട് —

സിക്രട്ടറി —

ട്രഷറർ —

സാക്ഷികൾ:-

1.

2.

ക്ഷമാപണം

അഡ്വക്കറ്റ് കെ.ടി രവീന്ദ്രനാഥ്

വേട്ടക്കൊരുമകന്റെ ധ്യാനം

ചുരിക വലതുകൈയ്യിൽ മറ്റതിൽ വില്ലുമമ്പും
ധൃതവനചരവേഷം ശ്മശ്രുമാലാകലാപം
കരിമുകിലൊളി വർണ്ണം മൌലിയിൽ പീലിജാലം
അരുണവസനമേവം ഭാവയേ ശൈവസൂനും



വേട്ടക്കൊരുമകൻ സ്വാമിയെ ഞങ്ങൾ കൈകൂപ്പി
സ്തുതിച്ചു നമസ്കരിക്കുന്നിതാ!
വൈദ്യനാഥസ്വാമിയാമൂർപ്പഴശ്ശിയെ-
ത്താണുവണങ്ങി സ്തുതിച്ചിടുന്നേനിതാ!
കോട്ടത്തെഴുന്ന കുലദൈവതങ്ങളാം
വേട്ടക്കരനുമൂർപ്പേശിയും ഞങ്ങളെ
ചെയ്തുപോയോരപരാധമെല്ലാം ക്ഷമി-
ച്ചമ്പോടനുഗ്രഹിക്കേണമേ സന്തതം.

ഭക്തിയോടെ ഭജിച്ചീടുന്ന ഞങ്ങളെ
കാത്തുരക്ഷിച്ചുകൊള്ളേണമേയെപ്പൊഴും.
കല്യാട്ടുതാഴത്തുവീട്ടിലും മറ്റുള്ള
ഞങ്ങൾ വസിക്കും ഗൃഹങ്ങളിലൊക്കെയും
സന്നിധാനം ചെയ്തരുളുക വേണമെ
സംപ്രീതരായ്ക്കരുണാമയ മൂർത്തികൻ

ഏകദേശമരനൂറ്റാണ്ടുകാലമീ
മൂഢരാം ഞങ്ങൾ മറന്നിതു നിങ്ങളെ
പാർട്ടീഷനുമതിനെത്തുടർന്നെത്തിയ
ഭൂപരിഷ്ക്കാര നിയമവും കാരണം
ഞങ്ങൾ വലഞ്ഞും, കുടുംബം ശിഥിലമായ്,
അമ്പലങ്ങൾ നിരാധാരമായ്ത്തീർന്നിതു
ദാരിദ്ര്യമെന്നതൊഴിച്ചു മറ്റുള്ളതാം
ഭൂരിദുരിതങ്ങളാൽക്കുഴങ്ങീവയം.
ബാലമരണമകാലമരണവും
ദീനവും മാറാത്ത രോഗമാം കാൻസറും
മാനസികാരോഗ്യഹാനിയും ഞങ്ങളെ
നൂനമനർത്ഥഗർത്തത്തിലാഴ്ത്തീചിരം
ഏഴുമരണമൊരാണ്ടിലുണ്ടായ്ത്തറ-
വാട്ടിൽ, അതോർത്താലതീവ ഭയാനകം
കേഴുകയല്ലാതെ മറ്റെന്തുചെയ്യുവാ-
നാകും സുകൃതക്ഷയം ഭവിച്ചീടുകിൽ?

സ്വർഗ്ഗസ്ഥയായൊരു മുത്തശ്ശി, ജാനകി-
നാമധേയം പൂണ്ട വെല്ലിമ്മ, ഞങ്ങളെ
ശാസിച്ചുണർത്തിപ്പറഞ്ഞിതൊരു ദിനം;
"കോട്ടവും നാഗവുമിങ്ങനെയാരുമേ
നോക്കാതുപേക്ഷിച്ച മാതിരിയിപ്പൊഴും
ഇട്ടിരിക്കുന്നതു മൂലമാം നമ്മുടെ
കഷ്ടതകൾക്കവസാനം വരാത്തതു-
ആ കുല ദേവതമാരെ ഭജിക്കുക,
കാട്ടുവെട്ടി സ്ഥലം വൃത്തിയാക്കീടുക,
ജീർണ്ണതപോക്കി നവീകരിച്ചീടുക,
നിത്യവും ദീപം തെളിയിക്കുക, പൂജകൾ
കൃത്യമായ്ച്ചെയ്യുവാനേർപ്പാടു ചെയ്യുക,
ഈശ്വരന്മാർക്കിഷ്ടമായ നിവേദ്യങ്ങൾ
ആസ്ഥയാ നൽകുക, നാമം ജപിക്കുക,
നിത്യവും പോയിത്തൊഴുതു പ്രാർത്ഥിക്കുക
വേട്ടക്കരുമകൻ സ്വാമീ ശരണ, മെ-
ന്നൂർപ്പഴശ്ശീശ്വരാ നീയേ ശരണ, മെ-
ന്നിങ്ങനെയന്തരം ഭക്തിയോടെ ഭജി-
ച്ചീടുവോർക്കേകുമവർ സർവ്വഭാവുകം.
.ആപത്തു കാലത്തു നമ്മെത്തുണക്കുവാ-
നാദ്യമായെത്തുന്നൊരീശ്വരന്മാരിവർ.

അങ്ങിനെയുള്ള കുലദൈവതങ്ങളെ
തുംഗഭക്ത്യാ ഭജിക്കേണമെല്ലാവരും"

"മുമ്പൊരുനാൾ, ഇരുന്നൂറു സംവത്സരം
മുമ്പു, നടന്ന കഥയിതു കേൾക്കുവിൻ,
ഏറനാടൻ പ്രദേശങ്ങളിൽ നിന്നുള്ള
മോഷക സംഘങ്ങളന്നു പലേടവും
സമ്പന്നരാം ജന്മിമാരുടെ വീട്ടുകൾ
കൊള്ളയടിച്ചു നടന്നിതു നിർഭയം,
ചെന്നേടമെല്ലാമവരെയെതിർക്കുവാൻ
സന്നദ്ധരായില്ലതാരുമേ പേടിയാൽ
തസ്കരൻമാർ വരുന്നുണ്ടെന്നു കേൾക്കവേ,
ദുഷ്കരമാമവരോടെതിർത്തീടുവാൻ,
കൊല്ലുമെന്നിങ്ങനെ
നിസ്തുപമോടിയൊളിച്ചിതു ജൻമികൾ,
അങ്ങിനെയുള്ളൊരു സംഘമിവിടെയും
വന്നിതൊരിക്കൽ കവർച്ച നടത്തുവാൻ,
താഴത്തുവീടന്നു നിർമ്മിതമായിരു-
ന്നില്ല, കുറച്ചു കുടുംബങ്ങളേയുള്ളൂ,
അന്നു പത്തായപ്പുരയിലാണെല്ലാരു.-
മൊന്നിച്ചു താമസമേക കുടുംബമായ്,
അമ്മോമനും മരുമക്കളും മക്കളും
അമ്മായിയമ്മമാരും കിടാങ്ങളും
സ്വൈരമുറങ്ങുന്ന നേരത്തു കേൾക്കായി
ഭീകരഘോഷങ്ങളാർപ്പുവിളികളും
ആക്രോശങ്ങളുമട്ടഹാസങ്ങളും
പോർക്കലി കേറിയ ഘോരാരവങ്ങളും.
പന്തവും ചൂട്ടും പിടിച്ചു നടന്നവർ
വീട്ടു വളഞ്ഞു, വേറെച്ചില നിഷ്ഠൂരർ
കത്തിയും കത്തിവാളും പടവാളുമാ
യെത്തി വീട്ടിൻ മുമ്പിലുമ്മറവാതിൽ
വെട്ടിമഴുകൊണ്ടു, വിള്ളലുണ്ടാക്കിയ-
കത്തു കടക്കുവാനായിരുന്നുശ്രമം.

രാജ്യമെങ്ങും കൊള്ളിവെപ്പും കൊലയുമായ്
കൊള്ളസംഘം വിളയാടുന്ന കാരണം
ആയുധധാരിയാം പത്തു പേരെ വീട്ടു-
കാവലിന്നാക്കിയിരുന്നിതമ്മോമനും.
വാളും പരിചയും പൂണ്ട കാവൽക്കാരെ
വാതിലിൻ മുമ്പിൽ നിന്നാട്ടിയകറ്റുവാൻ
പെട്ടെന്നു സാധിച്ചതില്ലവർക്കാകയാ,
തെറ്റെന്നകത്തു കടന്നതുമില്ലവർ.
അപ്പൊഴേക്കാക്കാവൽക്കാരെ തുണക്കുവാ
നെത്തിയവിടെ രണ്ടായുധധാരികൾ
കാട്ടാളരാജകുമാരവേഷം പൂണ്ടു
കാളാംബുദദ്യുതിചേരുന്നതായൊരാൾ
ഹേമാംബുദാഭകലർന്നു ദിവ്യാംബര-
ധാരിയായ് തേജസ്വിയായിട്ടു മറ്റൊരാൾ
കാർകുഴൽ മേലൊട്ടെടുത്തു മൂർദ്ധാവിലായ്
ക്കുട്ടിബ്ബന്ധിച്ചതിൽ പീലികൾ ചൂടിയും
തുനെറ്റിയിൽ ഭസ്മലേപനം പൂണ്ടു ഭ്രൂ-
മദ്ധ്യെ കരിക്കുറി ചന്ദനം ചാർത്തിയും
പിംഗലമാം ദീർഘ നേത്രങ്ങളിൽ കൃപാ-
രൗദ്രഭാവങ്ങളിടവിട്ടു ചിന്നിയും
വണ്ടിനാം ചൂഴന്ന തണ്ടലർ പോൽ ശ്മശ്രു-
മണ്ഡിതമായ മുഖാബ്ജം വിളങ്ങിയും
മാറത്തു കല്ലയും മുത്തും പവിഴവും
കോർത്തിണക്കിത്തീർത്തമാലകൾ ചാർത്തിയും
കയ്യിൽ ചുരികയും കാറൊളി പൂണ്ടതാം
മെയ്യിൽ അരക്കെട്ടിൽ തൂക്കിയ വാളുമായ്
ചെമ്പട്ടുവസ്ത്രം ഞൊറിഞ്ഞുടുത്തും ദിവ്യ-
കാന്തി പ്രകർഷം പരത്തിയും കാൺമതു
സാക്ഷാൽ കിരാത മൂർത്തിപ്രിയ പുത്രനാം
വേട്ടക്കൊരുമകനാണതു നിർണ്ണയം.
കൂട്ടിന്നുവന്നതാം രണ്ടാമനോ, വൈദ്യ.-
നാഥനാമീശ്വരനൂർപ്പഴശ്ശി ദൃഢം.

വാളും ചുരികയും കൊണ്ടവർ നീചരെ
താളരിയും പോലരിഞ്ഞു വീഴ്ത്തിടിനാൻ
കാവലാൾക്കാരുമാ ദുഷ്ടരെ വേഗേന
വാളുകൾ വീശി വക വരുത്തീടിനാൻ
തങ്ങളിൽപ്പാതിയുമിങ്ങനെ കാലനൂർ
കണ്ടു ജവേന ശമിച്ചതു കാൺകയാൽ
ചാവാതെ ബാക്കിയായുള്ളവർ പേടിച്ചു
പാഞ്ഞൊളിച്ചാർ കൂരിരുട്ടലതിദ്രുതം.
എല്ലാം കഴിഞ്ഞു പരിസരം ശാന്തമായ്-
കണ്ടീല ദിവ്യയോദ്ധാക്കളെയെങ്ങുമേ.
"ആപത്തുവന്നു ചേരുന്ന നേരത്തു
ചാരത്തുവന്നു നേരിട്ടു തുണക്കുന്ന
ഈശ്വരൻമാരെ സ്മരിപ്പാതിരിപ്പതു
ഈശ്വരനിന്ദതാനെന്നതോർത്തീടുക.
പൂർവ്വകാലങ്ങളിലെല്ലാ കുടുംബവും
ഭക്തിയോടെ ഭജിച്ചീട്ടുകയോണല്ലോ
ഈശ്വരൻമാർ വന്നു തസ്കരഭീതിയെ
ശാശ്വതമായി നിഷ്കാസനം ചെയ്തതും
എന്നാലിതാരുമിന്നോർക്കുന്നതില്ലതി-
സന്താപകാരകമാമിതെന്നേവരൂ.

"ഇങ്ങിനെയുണ്ടൊരു, ക്ഷേത്രമിവിടെയെ-
ന്നുള്ളതുപോലുമറിയാത്ത കുട്ടികൾ
ഇന്നനേകം പേരിരിക്കുന്നു നമ്മുടെ
ഛിന്നമായ്പ്പോയ ഗൃഹങ്ങളിലെങ്ങുമേ
ആകയാൽ ഞാനിതാ വീണ്ടും പറയുന്നു.
കോട്ടവും നാഗവുമുദ്ധരിച്ചീടുക,
കോട്ടത്തുചെന്നു, നമസ്കരിച്ചീടുക,
മാപ്പുപറഞ്ഞു, ക്ഷമയപേക്ഷിക്കുക,
തെറ്റുകളെല്ലാം പൊറുത്തവർ നമ്മളെ
ഉറ്റ ഭക്തന്മാരിവരെന്നു കുറിട്ടും
മുത്തശ്ശി തന്നുപദേശമെല്ലാം ഞങ്ങൾ

മൂർദ്ധാവഹിച്ചതുപോലെ നടക്കുവാൻ
ചിത്തത്തിൽ നന്നായുറപ്പിച്ചും വേണ്ടുന്ന
കാര്യങ്ങളോരോന്നുമെല്ലെത്തുടങ്ങിനാർ
എല്ലാ ജനവരിമാസവുമൊന്നിനു
ഉല്ലാസമോടൊരു ഫാമിലി സംഗമം
കാലത്തിനൊത്ത അടിപൊളിയില്ലാതെ
താഴത്തുവീടതിൽ വെച്ചു നടത്തുന്നു.
അന്നാണു ക്ഷേത്രത്തിലെ പ്രതിഷ്ഠാദിനം.
അന്നാണു നാഗത്തിലും സർപ്പപൂജകൾ,
ക്ഷേത്രമെല്ലാം ഞങ്ങൾ വൃത്തിയാക്കിച്ചതു,
ക്ഷേത്രമതിലുകൾ ഭദ്രമാക്കീടിനാർ,
മുറ്റവും ചുറ്റുപാടുമതിവൃത്തിയായ്
കുറ്റമറ്റുള്ളതാക്കിച്ചമച്ചീടിനാർ,

നിത്യനിവേദ്യവും പൂജയും ദീപവും
കൃത്യമായ് ഞങ്ങൾ നടത്തിപ്പതുമുണ്ട്.
ഭാവിയിൽ വേണ്ടുന്നതൊക്കെയും ഭംഗിയായ്
സാവധാനം നടത്തീടുവനെന്നിതാ
ഞങ്ങളിലോരോരു ഭക്തനും മാനസേ
ചിന്തിച്ചുറപ്പിച്ചിരിക്കുന്നിതുണ്മയാം
മാധുര്യമേറും വലിയൊരു "ഒറ്റ"യാ-
ണേറ്റവും വേട്ടക്കരനിഷ്ടമായതു
തേങ്ങവെന്ത വെളിച്ചെണ്ണയിൽ ചുട്ടതാം
നെയ്യപ്പമൂർപ്പഴശ്ശിക്കു പ്രിയകരം
ഈ വിധമുള്ള വിശേഷ നിവേദ്യങ്ങൾ
ഞങ്ങളിടയ്ക്കു യഥാശക്തി നൽകുവാൻ

തേങ്ങമുട്ടും കളംപാട്ടും തിറകളും
ഞങ്ങളാലാവും വിധം നടത്തീടുവാൻ
കോട്ടത്തെഴുന്ന കുലദൈവതങ്ങളാം
വേട്ടക്കരനുമൂർപ്പഴശ്ശിയും ഞങ്ങളിൽ
സർവ്വാപരാധങ്ങളും ക്ഷമിച്ചേറ്റവും
സന്തുഷ്ടരായി ഭവിക്കേണമെന്നുമേ,
ഞങ്ങൾ വസിക്കും ഗൃഹങ്ങളിലൊക്കെയും
സന്നിധാനം ചെയ്തരുളേണമെപ്പോഴും
ഞങ്ങളെക്കാത്തുരക്ഷിച്ചുകൊള്ളേണമേ
ഭംഗംവിനാ ശുഭമംഗള മൂർത്തികൾ.

A Guide to Behavior Therapy for Parents and Children

Kavya A C

As a psychologist, my first work experiences were in the area of Behavior Therapy. A typical day in my life inolved going to the office and meeting clients who were mostly children who had previously been given various diagnoses such as Intellectual Disability, Autism Spectrum Disorder, and other co-morbid developmental problems. It soon became clear to me that there was a need for parents, caregivers, and professionals to unite as a team to offer the best care possible for my clients. However, professionals spend years and years studying and pondering about important questions in the field. How could parents/ caregivers and professionals bring both their expertise and start at Middle ground? Answer: through educating one another. I would learn about their children from the parents/caregivers who spent the most time with them while they would learn about the specific diagnoses that their children had from me, a professional, who spent her time studying them closely.

Through this article, I wish to share the knowledge that I received from my colleagues, mentors, and the countless books I've read in the hope that any parent reading this can use it as a guide. Let's start with a sneak peek into behavioural therapy.

Behaviour therapy focuses on the medication, management, and improvement of behaviour deemed undesirable. This approach helps individuals, especially children with special needs, by replacing challenging behaviours with positive, functional behaviours through structured interventions. Now what exactly do we mean when we use the term "Special Needs?"

Children with special needs often experience impairments or delays in development due to early disturbances in the biological maturation of the central nervous system. These disturbances disrupt normal skill acquisition patterns, affecting physical and emotional development. For example, many children may struggle to respond to others' emotional cues, show difficulties in communication, or experience frustration due to bodily changes as they grow. They may also experience difficulties in accurately perceiving the social cues of others.

A crucial aspect of behaviour therapy for such children is managing transitions. As children grow physically, they often feel frustrated and may exhibit emotional outbursts, signalling emotion dysregulation. Establishing clear boundaries and behavioural expectations becomes essential to ensure their safety and emotional well-being. For instance, caregivers and academic interventionists should address behaviours like hitting, kicking, or pushing with consistent responses. The key lies in establishing firm personal boundaries by caregivers and teachers alike so that the child learns which behaviours are acceptable in the social world, and which are not. Well how exactly are we supposed to maintain such boundaries, you may ask. The answer is through something psychology calls "Functional Behaviour Analysis."

Functional Behavioral Analysis (FBA) is a systematic method used to identify challenging behaviors and replace them with positive alternatives. It involves identifying key stakeholders (e.g., parents, teachers, therapists), pinpointing the antecedents (what triggers the behavior), the behavior itself, and understanding the consequences accompanying said behavior. An example can be a child who does not know how to greet other children and therefore in the presence of children they are unfamiliar with (the antecedent) resorting to hitting the new child (the undesirable behavior) resulting in the opportunity to

play with the new child being taken away from them (consequence). In this specic example, the child gets to avoid the situation by hitting the new child. However, the more this scenario repeats, the less the child learns how to greet others in social situations.
An alternative to this is:

1. If the parent is aware of new children wishing to play with the child, let the child know in advance. (Giving the child an idea about the antecedent)

2. Teaching the child appropriate ways of greeting other children such as a high-five or shaking hands (giving the child replacement behaviors in the place of undesirable behaviors)

3. If the child behaves in a desired way by offering a high-five, immediately reward the child (consequence for desirable behavior that will ensure that the child repeats this behavior - the reward must be something enjoyable for the child)

Another goal of conducting a functional behavior analysis is to determine the function of a behavior, whether it is attention-seeking or aimed at avoiding tasks. More over, it is important to note that, when instructing the child to perform something new, we must first develop small, achievable goals that encourage positive behavior.

Reinforcement, both positive and negative, is critical in this process. Positive reinforcement refers to adding something pleasurable to the situation, such as giving the child a sweet treat upon completion of a task. On the other hand negative reinforcement involves removing something unpleasant from the situation. An example of this can be, if the child dislikes the sound of the alarm that signals that it is time for bed, you can tell the child that if he/she cleans up his/her toys and gets ready for bed on time, you will turn off the alarm early. This can motivate the child to perform the desired behavior to avoid the undesirable stimulus in the environment.

These, as you can see, are just simple examples. The issues you face at home about the behavior of your child could be diverse and multi-faceted. It is important to start slow and with easy tasks so that the child does not feel overwhelmed and discouraged. Moreover, the desired behaviors that we try to teach children must be benecial for their long-term survival in society.

Let us now look at some tools that could help us implement such changes at home. Some prime examples are using visual schedules and structuring time.

When verbal communication fails, visual schedules can help children with special needs anticipate and understand the activities they are expected to perform, thereby reducing anxiety. Fixed schedules give them a sense of structure, helping them navigate through time and providing a concrete way to understand the passing of time. The consistency of schedules also enables children to engage in meaningful activities without unnecessary confusion or frustration. All children with needs don’t understand the passing of time in the same way as we do. Hence they tend to be anxious when not knowing what to anticipate in their day-to-day life. Therefore, a consistent and structured schedule can help calm their nerves and even contribute to it by expressing what they would like to do to pass the time.

Behavior problems can also present themselves as issues in anger management. Difficulties in anger management and proper emotion regulation can result in the child becoming aggressive. Therefore, anger management is an essential part of behavior therapy. The process begins with teaching self-control techniques, starting with calmness, breathing exercises (both for children and parents), and understanding emotional triggers. Children should be taught to name their emotions (this can be done by using pictorial charts that pair a depiction of emotion with the word that symbolizes the particular

emotion being displayed) and be provided with alternative outlets to express their feelings, such as squeezing a pillow when angry or asking for a hug when sad. Additionally, caregivers must regularly practice relaxation techniques with the child to reduce the likelihood of emotional outbursts. Relaxation techniques when practised at home can just be something as simple as taking ten minutes out of every day to deep breathe, meditate, or even engage in some enjoyable activity.

Despite best efforts, bad days will inevitably occur. The goal is to cultivate resilience in both children and care-givers by acknowledging that setbacks are part of the process and learning how to cope with them. How can parents cope with stress arising from care giving?

Behavioral therapy extends to parental management through psycho-education, helping parents understand their child's strengths and weaknesses. It is important for parents to take care of themselves and to go beyond their identity of being a parent. They must also think of themselves as individuals; not just as an extension of their child. They must engage in activities that are not related to their duties as a parent and those that are, in fact, enjoyable. Moreover, it is important to ensure that some of the time spent with the child is enjoyable to both the parents and the child. Progress is often slow in developmental disorders. It is essential to recognize the fact and take each day as it comes.

One of the most important aspects of behavior therapy is also its insistence on maintaining benecial behaviors related to activities of daily living and functional skills. It aims to foster independence in daily living activities such as brushing, bathing, toileting, and eating. By integrating functional skills like understanding money, communication, and basic maths into daily life, children can extend what they learn in school to the home environment, gaining the tools needed for self-sufficiency. This particular aspect can be achieved by working hand-in-hand with the school and teachers.

With that, we come to the most important part of this article.

Acceptance, Moving Forward, and Building Hope

A significant part of behavioral therapy for both children and caregivers is accepting that some things are beyond our control. Having realistic expectations and managing emotional reactions are critical to moving forward. Parents must remember their identities beyond being caregivers, and teachers should maintain professional boundaries to ensure objectivity.

Finally, resilience and hope are central to the therapy process. By focusing on the positives and envisioning a better future, families and caregivers can work towards meaningful progress, enabling children with special needs to thrive in their unique ways.

Life must go on.

